# മലയാളം

## ടീച്ചർടെക്സ്റ്റ്

### അനുബന്ധം

**സ്റ്റാൻഡേർഡ്**

X

കേരളസർക്കാർ
വിദ്യാഭ്യാസവകുപ്പ്

തയാറാക്കിയത്
**സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം**
**2019**

State Council of Educational Research and Training (SCERT)
Poojappura, Thiruvananthapuram 695012, Kerala.

## ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം കേരളത്തിന്റെ വിദ്യാഭ്യാസമേഖലയിൽ ഗുണപരമായ വലിയ നേട്ടങ്ങൾ സൃഷ്ടിച്ചുകൊണ്ട് മുന്നേറുകയാണ്. ആധുനിക വിവരവിനിമയ സാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി പഠനപ്രവർത്തനങ്ങൾ രസകരവും ഫലപ്രദവുമാക്കാനുള്ള ഹൈ-ടെക് ക്ലാസ്മുറികൾ സാർവത്രികമായി. ഒരേസമയം ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ഉറപ്പുവരുത്തുന്നതിനും അതിനാവശ്യമായ അക്കാദമിക-ഭൗതികസൗകര്യങ്ങൾ ഒരുക്കുന്നതിനുമുള്ള ദീർഘവീക്ഷണത്തോടെയുള്ള നമ്മുടെ പദ്ധതികൾ രാജ്യത്തിനുതന്നെ മാതൃകയായി മാറിക്കഴിഞ്ഞു.

ഭാവിസമൂഹത്തെക്കുറിച്ചുള്ള പുതിയ കാഴ്ചപ്പാടുകളുടെ വെളിച്ചത്തിൽ പാഠപുസ്തകങ്ങളിൽ കാലികമായ ചില മെച്ചപ്പെടുത്തലുകൾ വരുത്തിയിട്ടുണ്ട്. പ്രകൃതിദുരന്തങ്ങൾ സംഭവിക്കുമ്പോൾ സ്വരക്ഷയും സമൂഹസുരക്ഷയും ഉറപ്പാക്കിക്കൊണ്ട് ദുരന്തനിവാരണപ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള മനോഭാവവും ധാരണയും പുതിയ തലമുറയ്ക്ക് പകർന്നുനൽകുന്നതിനുള്ള പ്രവർത്തനങ്ങളും പാഠപുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ദേശീയ തൊഴിൽനൈപുണി ചട്ടക്കൂടുമായി (എൻ.എസ്.ക്യു.എഫ്.) ബന്ധപ്പെട്ട പ്രവർത്തനങ്ങളും ചേർത്തിട്ടുണ്ട്.

പാഠപുസ്തകത്തിൽ വരുത്തിയ മാറ്റങ്ങൾ ഉൾക്കൊണ്ട് മികവുറ്റ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് സഹായകമായ രീതിയിലാണ് ടീച്ചർടെക്സ്റ്റിന്റെ ഈ അനുബന്ധം തയാറാക്കിയിരിക്കുന്നത്. നിലവിലുള്ള ടീച്ചർടെക്സ്റ്റിൽ നൽകിയ വിശദീകരണങ്ങളോടും വ്യാഖ്യാനങ്ങളോടും ചേർത്ത് ഇതു പ്രയോജനപ്പെടുത്തണം. പഠനപിന്തുണയ്ക്കുള്ള കൂടുതൽ വിഭവങ്ങൾ സമഗ്ര പോർട്ടലിലൂടെയും പാഠപുസ്തകത്തിലെ ക്യു.ആർ. കോഡിലൂടെയും പങ്കുവയ്ക്കുന്നത് പ്രയോജനപ്പെടുത്തുമല്ലോ.

**ഡോ. ജെ. പ്രസാദ്**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി.

# കേരളപാഠാവലി

1. കാലാതീതം കാവ്യവിസ്മയം

# 1 കാലാതീതം കാവ്യവിസ്മയം

മനുഷ്യജീവിതത്തിന്റെ അടിസ്ഥാനഭാവങ്ങൾ ലോകത്തെല്ലായിടത്തും എല്ലാ കാലത്തും ഒരുപോലെയായതിനാൽ ജീവിതഗന്ധിയായ കാവ്യങ്ങൾ കാലാതീതമായി നിലനിൽക്കുന്നു. ഭാരതേതിഹാസങ്ങളായ രാമായണവും മഹാഭാരതവും ഗ്രീക്കുമഹാകാവ്യങ്ങളായ ഇലിയഡും ഒഡിസിയും ഷേക്സ്പിയർ കൃതികളും കാലാതീതമായി നിൽക്കുന്നത് അതുകൊണ്ടാണ്. കാലദേശങ്ങൾക്കതീതമായി നിലകൊള്ളുന്ന സാഹിത്യകൃതികളിലെ ജീവിതാവസ്ഥകളും ജീവിതസന്ദേശങ്ങളും എക്കാലത്തും പ്രസക്തമാണ്.

അനശ്വരസാഹിത്യകൃതികളെ പരിചയപ്പെടുത്തുകയാണ് ഈ യൂണിറ്റിന്റെ മുഖ്യലക്ഷ്യം. മനുഷ്യജീവിതത്തിന്റെ ദാർശനികതലങ്ങളും സൗന്ദര്യതലങ്ങളും കാണാപ്പുറങ്ങളും ആവിഷ്കരിക്കുന്ന മൂന്ന് രചനകളാണ് ഈ യൂണിറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛന്റെ അധ്യാത്മരാമായണം കിളിപ്പാട്ടിലെ 'ലക്ഷ്മണോപദേശം' മനുഷ്യജീവിതത്തിന്റെ ക്ഷണികത ഓർമ്മിപ്പിച്ചുകൊണ്ട് ജീവിതവിജയത്തിന് വിദ്യ അഭ്യസിക്കേണ്ടതിന്റെയും ക്രോധം പരിത്യജിക്കേണ്ടതിന്റെയും പ്രാധാന്യം ഉപദേശിക്കുന്നു. കാമക്രോധലോഭമോഹാദികൾ കൈയൊഴിയുമ്പോൾ മനുഷ്യൻ ലൗകികബന്ധനങ്ങളിൽ നിന്ന് മുക്തനാകുന്നു എന്ന ജീവിതദർശനമാണ് എഴുത്തച്ഛൻ അവതരിപ്പിക്കുന്നത്. കാളിദാസന്റെ വിശ്വോത്തരസൃഷ്ടിയായ അഭിജ്ഞാനശാകുന്തളം നാടകത്തിലെ 'ഋതുയോഗം' എന്ന ഭാഗം വസന്തസമാഗമമുണ്ടാകുമ്പോൾ ജീവിതം തളിർക്കുന്നതിന്റെയും പൂക്കുന്നതിന്റെയും ആവിഷ്കാരമാണ്. കാത്തിരിപ്പും ക്ഷമയും വിരഹാതുരമായ ജീവിതത്തിൽ സുന്ദരാനുഭവങ്ങൾ നൽകുമെന്ന് ദുഷ്ഷന്തന്റെയും ശകുന്തളയുടെയും പുനസ്സമാഗമത്തിലൂടെ കവി നമ്മെ ഓർമ്മിപ്പിക്കുന്നു.

വിശ്വസാഹിത്യത്തിലെ മഹാത്ഭുതമായ വിക്ടർ ഹ്യൂഗോയുടെ 'പാവങ്ങൾ' ജീവകാരുണ്യത്തിന്റെയും മാനവികതയുടെയും സഹനത്തിന്റെയും പോരാട്ടത്തിന്റെയും നേർസാക്ഷ്യമാണ്. ഒരു രാജ്യത്തിന്റെയും കാലത്തിന്റെയും ജനതയുടെയും മഹാഗാഥയായ 'പാവങ്ങൾ' അനാവരണം ചെയ്യുന്ന സാമൂഹിക ജീവിതത്തിലൂടെ നിയമവ്യവസ്ഥയുടെ നീതിയില്ലാത്ത വിധികല്പനകളും സമൂഹത്തിന്റെ മനസ്സാക്ഷിയില്ലായ്മയും മനുഷ്യനെ എങ്ങനെ കുറ്റവാളിയാക്കി ജീവിതദുരന്തത്തിലേക്കു വലിച്ചെറിയുന്നു എന്നു വിളിച്ചു പറയുന്നു. കാരുണ്യത്തിന്റെ ആൾരൂപമായ മെത്രാന്റെ സാഹോദര്യവും ഴാങ് വാൽ ഴാങ് എന്ന കുറ്റവാളിയോട് കാണിക്കുന്ന കരുണയും പൊറുത്തുകൊടുക്കലും ഴാങ് വാൽ ഴാങിന്റെ മാനസാന്തരവും ആവിഷ്കരിക്കുന്ന നോവൽഭാഗം മനസ്സംസ്കരണത്തിന്റെയും മാനവികതയുടെയും നവ്യാനുഭവം സമ്മാനിക്കുന്നു.

# ഋതുയോഗം

## കഥാസംഗ്രഹം

പദ്മപുരാണത്തിലെ സ്വർഗകാണ്ഡത്തിലും മഹാഭാരതം ആദിപർവത്തിലും ചെറിയ വ്യത്യാസങ്ങളോടെ ശകുന്തളോപഖ്യാനം ഉണ്ട്. പ്രസ്തുത ഉപാഖ്യാനങ്ങളെ ഉപജീവിച്ചാണ് മഹാകവി കാളിദാസൻ ഏഴ് അങ്കമുള്ള അഭിജ്ഞാനശാകുന്തളം നാടകം രചിച്ചത്.

ഹസ്തിനപുരിയിലെ രാജാവായ ദുഷ്ഷന്തൻ മൃഗയാവിനോദത്തിനായി മാലിനീനദീതീരത്തുള്ള കണ്വാശ്രമത്തിൽ എത്തിച്ചേർന്നു. കണ്വമഹർഷിയാകട്ടെ, ആ സമയത്ത് തന്റെ വളർത്തുമകളായ ശകുന്തളയുടെ കാലദോഷപരിഹാരത്തിനായി സോമതീർഥത്തിലേക്കു പോയിരുന്നു. ശകുന്തളയും തോഴിമാരും ചേർന്ന് ദുഷ്ഷന്തനെ ആതിഥ്യമര്യാദാനുസരണം സൽക്കരിച്ചു. സൽക്കാരപരിചരണങ്ങൾക്കിടയിൽ ശകുന്തളയും ദുഷ്ഷന്തനും തമ്മിൽ പ്രണയത്തിലാവുകയും ഗാന്ധർവവിധിപ്രകാരം വിവാഹിതരാവുകയും ചെയ്തു. രാജ്യഭരണാർഥം രാജധാനിയിലേക്കു പോകേണ്ടിവന്നപ്പോൾ ദുഷ്ഷന്തൻ ഗർഭിണിയായ ശകുന്തളയ്ക്കു തന്റെ പേര് കൊത്തിയ മുദ്രമോതിരം നൽകി നാലുനാൾക്കകം കൊട്ടാരത്തിലേക്ക് കൂട്ടിക്കൊണ്ടുപോകാമെന്ന് വാക്കുകൊടുത്ത് ഹസ്തിനപുരിയിലേക്കു പോയി.

ദുഷ്ഷന്തൻ കൊട്ടാരത്തിൽ പോയശേഷം സദാ മനോവിചാരത്തിലായി ശകുന്തള. അതിഥിയായെത്തിയ, ക്ഷിപ്രകോപിയായ ദുർവാസാവിനെ ഇതുകാരണം അവൾ കണ്ടില്ല. ആതിഥ്യമര്യാദപൂർവം സൽക്കരിക്കാത്തതിൽ കുപിതനായ ദുർവാസാവ്, ശകുന്തള ആരെയാണോ ഓർത്തുകൊണ്ടിരിക്കുന്നത്, അയാൾ അവളെ മറന്നുപോകട്ടേയെന്ന് ശപിച്ചു. ശാപവാക്കുകൾ കേട്ട സഖിമാരായ അനസൂയയും പ്രിയംവദയും ഒരുവിധം ദുർവാസാവിനെ അനുനയിപ്പിച്ച് ശാപമോക്ഷത്തിനുള്ള പരിഹാരം തേടി. ആരെയാണോ ഓർത്തിരുന്നു പോയത്, അയാളെ എന്തെങ്കിലും അടയാളം കാണിച്ചാൽ ശാപമോക്ഷം ലഭിക്കുമെന്ന് ദുർവാസാവ് പറഞ്ഞു. രാജാവ് കൊടുത്ത മുദ്രമോതിരം ശകുന്തളയുടെ കൈയിൽ ഉണ്ടായിരുന്നതിനാൽ സഖിമാർ ആശ്വസിച്ചു.

ആശ്രമത്തിലെത്തിയ കണ്വമഹർഷി ദിവ്യദൃഷ്ടികൊണ്ട് കാര്യങ്ങൾ മനസ്സിലാക്കിയിട്ട്, ഗർഭിണിയായ ശകുന്തളയെ ശിഷ്യന്മാരോടൊപ്പം ദുഷ്ഷന്തന്റെ കൊട്ടാരത്തിലേക്ക് അയച്ചു. യാത്രാമധ്യേ നദിയിൽ വച്ച് ശകുന്തളയുടെ മുദ്രമോതിരം നഷ്ടപ്പെട്ടിരുന്നു. ദുർവാസാവിന്റെ ശാപം കാരണം, കൊട്ടാരത്തിലെത്തിയ ശകുന്തളയെ ദുഷ്ഷന്തൻ തിരിച്ചറിഞ്ഞില്ല. മാത്രമല്ല, അപമാനിച്ച് തിരിച്ചയ്ക്കുകയും ചെയ്തു. ആ സമയത്ത് മാതാവായ മേനക അവിടെയെത്തി ശകുന്തളയെ കൂട്ടിക്കൊണ്ടുപോയി.

മാരീചാശ്രമത്തിൽ വച്ച് ശകുന്തള സർവദമനനെ പ്രസവിച്ചു. ദേവാസുരയുദ്ധത്തിൽ പങ്കെടുത്ത് വിജയിയായി ഇന്ദ്രതേരാളിയായ മാതലിയോടൊപ്പം ഭൂമിയിലേക്കു വരുന്ന വേളയിൽ മാരീചാശ്രമത്തിലെത്തിയ ദുഷ്ഷന്തൻ ബാലപ്രായമെത്തിയ സർവദമനനെ കാണാനിടവന്നു. സിംഹക്കുട്ടിയുടെ വായപൊളിച്ച് പല്ലെണ്ണി നിൽക്കുന്ന സർവദമനനെ അദ്ഭുതത്തോടെ നോക്കിനിന്ന ദുഷ്ഷന്തൻ, സർവദമനന്റെ കൈയിൽ കെട്ടിയിരുന്ന രക്ഷ അഴിഞ്ഞു വീണ് തറയിൽ കിടന്നതെടുത്ത് കെട്ടിക്കൊടുത്തു. അവന്റെ മാതാപിതാക്കളോ അവനോ അല്ലാതെ തറയിൽ വീണ രക്ഷ എടുത്താൽ സർപ്പമായിത്തീർന്ന് ആ രക്ഷ എടുത്തവനെ കടിക്കും. തന്റെ മകനാണ് സർവദമനനെന്ന് മനസ്സിലാക്കിയ ദുഷ്ഷന്തൻ ശകുന്തളയെയും തിരിച്ചറിഞ്ഞു. തന്റെ കൈവശമുള്ള മുദ്രമോതിരം (ശകുന്തളയുടെ കൈയിൽനിന്ന് നഷ്ടപ്പെട്ട് തിരികെ കിട്ടിയത്) ശകുന്തളയോട് അണിയാൻ ആവശ്യപ്പെടുന്നു. സ്നേഹപൂർവം നിരസിച്ച ശകുന്തളയോട് ശാപഫലമായിട്ടാണെങ്കിലും താൻ ചെയ്തുപോയ അരുതായ്മകളുടെ പേരിൽ പശ്ചാത്താപവിവശനായ ദുഷ്ഷന്തൻ മാപ്പ് ചോദിക്കുന്നു. ദേവപിതാക്കളായ അദിതിയുടെയും മാരീചന്റെയും അനുഗ്രഹത്തോടുകൂടി ദുഷ്ഷന്തൻ ശകുന്തളയെ സന്തോഷപൂർവം സ്വീകരിച്ചു. അങ്ങനെ ശുഭകരമായി നാടകം അവസാനിക്കുന്നു.

കഥയിൽ ദൃശ്യകലയ്ക്കു വേണ്ട പല കൂട്ടിച്ചേർക്കലുകളും ഔചിത്യപൂർവം നടത്തിയാണ് അഭിജ്ഞാനശാകുന്തളം നാടകം രചിച്ചിരിക്കുന്നത്. ഏഴാമങ്കത്തിലെ ഭൂരിഭാഗം കഥയും കാളിദാസന്റെ ഭാവനാസൃഷ്ടിയാണ്.

## പ്രവേശകം

ചങ്ങമ്പുഴ കൃഷ്ണപ്പിള്ളയുടെ 'കാളിദാസൻ' എന്ന കവിതയിലെ ഒരു ഭാഗം കേൾപ്പിക്കുന്നു. തുടർന്ന് കാളിദാസനിൽ എത്തിച്ചേരാനുപകരിക്കുന്ന ചോദ്യങ്ങൾ ചോദിക്കാം. ആ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് 'ശാകുന്തള'ത്തിൽ എത്തിച്ചേരാം. കുട്ടികൾക്ക് ശാകുന്തളത്തിലെ കഥ മുൻപരിചയമുണ്ടായിരിക്കാം. അതു മെച്ചപ്പെടുത്താനുപകരിക്കുന്ന തരത്തിലുള്ള ഇടപെടലുകൾ നടത്തേണ്ടതുണ്ട്.

## ശീർഷകത്തിന്റെ ഔചിത്യം

'ഋതുയോഗ'ത്തിന് വസന്താഗമം എന്ന് സാന്ദർഭികാർഥം. ഋതുക്കളിൽ വച്ച് ശ്രേഷ്ഠവും സുന്ദരവുമായത് വസന്തമാണല്ലോ. അതിനാൽ ഋതു എന്ന പദം വസന്തകാലത്തെ സൂചിപ്പിക്കുന്നു. വസന്തം വരുമ്പോൾ ലത പൂവണിയുന്നു. അതുപോലെ മോതിരം ധരിക്കൽ സൗഭാഗ്യത്തിന്റെ ചിഹ്നമാണെന്ന് ദുഷ്ഷന്തൻ സൂചിപ്പിക്കുന്നു. ഇവിടെ ശകുന്തളയുടെ ജീവിതത്തിലുണ്ടാകാൻ പോകുന്ന സൗഭാഗ്യത്തെ ഭംഗ്യന്തരേണ സൂചിപ്പിക്കുന്നുമുണ്ട്. ശകുന്തളയുടെയും ദുഷ്ഷന്തന്റെയും പുനസ്സമാഗമത്തെക്കൂടി 'ഋതുയോഗം'എന്ന പ്രയോഗം വ്യക്തമാക്കുന്നു. ഇത്തരത്തിൽ കൂടുതൽ അർഥസാധ്യതകൾ കണ്ടെത്തി ശീർഷകത്തിന്റെ ഔചിത്യം കണ്ടെത്താൻ കുട്ടികളോട് നിർദേശിക്കാം.

## പഠനപ്രവർത്തനങ്ങൾ

### കഥാപാത്രസ്വഭാവം കണ്ടെത്താം

താപസി : 'സർവദമനൻ'എന്നു മഹർഷിമാർ നിനക്ക് പേരിട്ടത് ശരിതന്നെ.

താപസി : ഭദ്രാ, ഇവൻ മഹർഷിബാലനല്ല.

രാജാവ് : അത് ഇവന്റെ ആകൃതിക്കു ചേർന്ന പ്രകൃതികൊണ്ടുതന്നെ അറിയാം.

ബാലന്റെ പ്രകൃതത്തെക്കുറിച്ചുള്ള സൂചനകൾ നാടകഭാഗത്തുനിന്നു കണ്ടെത്തി കുറിപ്പു തയാറാക്കുക.

സർവദമനൻ - എന്ന വാക്കിന്റെ അർഥം കണ്ടെത്താൻ നിർദേശിക്കുന്നു. പേര് അന്വർഥമാക്കുന്ന പ്രവൃത്തികളാണോ അവൻ ചെയ്യുന്നതെന്ന് പാഠസന്ദർഭത്തിൽനിന്നു കണ്ടെത്തുന്നു.

- തള്ളയുടെ മുലകുടിച്ചുനിൽക്കുന്ന സിംഹക്കുട്ടിയുടെ കുഞ്ചിരോമങ്ങൾ പിടിച്ചുവലിക്കുന്നത്.
- വായ പൊളിച്ച് സിംഹക്കുട്ടിയുടെ പല്ലെണ്ണുന്നത്.
- 

കൂടുതൽ സന്ദർഭങ്ങൾ കുട്ടികൾ കണ്ടെത്തട്ടെ. പേരും പ്രകൃതവും തമ്മിലുള്ള ചേർച്ച ചർച്ചചെയ്യുന്നു.

- സർവദമനനിൽ ബാല്യത്തിന്റെ നിഷ്കളങ്കതയും കുസൃതിയും കാണുന്നുണ്ട്.
- സർവദമനൻ എന്ന വാക്കിന് എല്ലാം അടക്കുന്നവൻ എന്നർഥം. ഇവിടെ ആശ്രമവാസികളെ കുസൃതിനിറഞ്ഞ നിഷ്കളങ്കപ്രവൃത്തികളാലും സഹജീവികളെ സ്നേഹപരിചരണങ്ങളാലും വരുതിയിലാക്കാൻ അവന് സാധിക്കുന്നു.
- ലൗകികവ്യാപാരങ്ങളിൽ നിന്ന് ഇന്ദ്രിയങ്ങളെ അടത്തി വിജയം നേടിയവൻ എന്ന അർത്ഥവുമുണ്ട്. മഹർഷിമാർ നൽകിയ പേരാണത്. അതിന് ഏറെ പ്രാധാന്യമുണ്ട്.
- ആശ്രമവാസിയായ അവന്റെ കുസൃതികളാണ് ദുഷ്ഷന്തനെ ആകർഷിക്കുന്നത്.
- 

കണ്ടെത്തിയ ആശയങ്ങൾ ഉൾപ്പെടുത്തി കുറിപ്പുകൾ തയാറാക്കട്ടെ.

അവതരണം

വിലയിരുത്തുമ്പോൾ ഭാഷ, ഉള്ളടക്കം എന്നിവ പരിഗണിക്കണം.

മെച്ചപ്പെടുത്തൽ

## കാവ്യഭംഗി/ചമൽക്കാരഭംഗി കണ്ടെത്താം

'സഹൃദയനിൽ ആഹ്ലാദം ജനിപ്പിക്കുന്നതിനു കാരണമായ കവിതാധർമമാണ് ചമൽക്കാരം.'

– (ഭാഷാഭൂഷണം – എ.ആർ. രാജരാജവർമ)

ഓരോ വായനയിലും പുതുമയുള്ള ഭാവാർഥതലങ്ങൾ വായനക്കാരിൽ ജനിപ്പിക്കാൻ കഴിയുന്ന നിരവധി സന്ദർഭങ്ങൾ അഭിജ്ഞാനശാകുന്തളത്തിലുണ്ട്. അത്തരം ചമൽക്കാരഭംഗിയുള്ള കാവ്യസന്ദർഭങ്ങൾ കണ്ടെത്തി ആസ്വദിക്കാനുള്ള അവസരങ്ങൾ ക്ലാസ്മുറികളിൽ സൃഷ്ടിക്കേണ്ടതുണ്ട്. ധ്വന്യാർഥസാധ്യതയുള്ള വരികൾ വിനിമയം ചെയ്യുമ്പോൾ എങ്ങനെയാണ് അവ വിവിധ അർഥതലങ്ങൾ ഉൽപ്പാദിപ്പിക്കുന്നതെന്ന് കുട്ടികൾക്ക് തിരിച്ചറിയാൻ കഴിയണം. ചമൽക്കാരഭംഗിയുള്ള പ്രയോഗങ്ങൾ വായനക്കാരിൽ ആസ്വാദനത്തിന്റെ പുതുതലങ്ങൾ സൃഷ്ടിക്കുന്നതെങ്ങനെയെന്നും കുട്ടികൾക്ക് ബോധ്യപ്പെടേണ്ടതുണ്ട്.

"കളിക്കോപ്പേൽക്കാനായ് കുതുകമൊടു നീട്ടീടിന കരം
വിളക്കിച്ചേർത്തോണം വിരൽനിര ഞെരുങ്ങിത്തൊടുകയാൽ
വിളങ്ങുന്നു രാഗം ഭൃശമെഴുമുഷസ്സിൽദ്ദലകുലം
തെളിഞ്ഞീടാതൊന്നായ് വിടരുമൊരു തണ്ടാർമലരുപോൽ"

ശ്ലോകത്തിന്റെ ആശയതലം വിശകലനം ചെയ്യുന്നതിനായി ചില ചോദ്യങ്ങൾ ചോദിക്കാവുന്നതാണ്.

- ബാലന്റെ ഉള്ളംകൈയെ എന്തിനോടാണ് കവി സാദൃശ്യപ്പെടുത്തിയിരിക്കുന്നത്?
- ഉഷസ്സ് എന്ന പ്രയോഗം കഥാപാത്രത്തെക്കുറിച്ച് നൽകുന്ന സൂചനകൾ എന്തെല്ലാം?
- 'ദലകുലം തെളിഞ്ഞീടാതൊന്നായ് വിടരുന്ന തണ്ടാർമലർ' എന്ന സാദൃശ്യകല്പനയുടെ ഔചിത്യമെന്ത്?
- 

തുടങ്ങിയ ചോദ്യങ്ങളിലൂടെ കുട്ടികൾക്ക് പ്രതികരിക്കാനുള്ള അവസരം നൽകാം.

താമരപ്പൂവിന്റെ ചെമപ്പുനിറവും മൃദുലതയും സർവദമനന്റെ ഇളംകൈകൾക്കും യോജിക്കുന്നുണ്ടല്ലോ. പ്രഭാതത്തിൽ വിടർന്നുവരുന്ന താമരപ്പൂവിന്റെ ഇതളുകൾ പൂർണമായും വിരിഞ്ഞിട്ടുണ്ടാവില്ല. വിളക്കിച്ചേർത്തപോലെ വിരൽ ഞെരുങ്ങിനിൽക്കുന്ന ബാലന്റെ കൈകൾ ഇതിനു സമാനമാണ്. സർവദമനന്റെ ബാലത്വത്തെ ധ്വന്യാത്മകമായി ആവിഷ്കരിക്കാൻ ഉഷസ്സ് എന്ന പ്രയോഗത്തിന് സാധിക്കുന്നുണ്ട്. ഇത്തരം സാദൃശ്യകല്പനകളിലൂടെ തെളിഞ്ഞുവരുന്ന കാവ്യഭംഗി ആസ്വദിക്കാനുള്ള അവസരങ്ങൾ ക്ലാസിൽ ഒരുക്കണം.

നന്നായി ചെമന്നതും ഇടതൂർന്ന വിരലുകളുള്ളതും മൃദുവായതും ഉള്ളംകൈയിൽ വില്ലിന്റെയും അങ്കുശത്തിന്റെയും മുദ്രകളുള്ളതുമായ കൈയുള്ളവൻ ചക്രവർത്തിയായിത്തീരും എന്ന് 'സാമുദ്രികശാസ്ത്രം' എന്ന ഗ്രന്ഥത്തിൽ സൂചിപ്പിക്കുന്നുണ്ട്. ഈ ലക്ഷണത്തിന്റെ സാരാംശം തന്നെയാണ് കാളിദാസൻ മുകളിൽ കൊടുത്ത ശ്ലോകത്തിൽ ഉൾച്ചേർത്തിട്ടുള്ളത്.

പാഠഭാഗത്തുനിന്നു ചമൽക്കാരഭംഗിയുള്ള മറ്റു സന്ദർഭങ്ങൾ കണ്ടെത്തി വിശകലനം ചെയ്യട്ടെ.

## രചനാതന്ത്രങ്ങൾ കണ്ടെത്താം

- ശകുന്തളയും ദുഷ്ഷന്തനും മകനും സമാഗമിക്കുന്ന ശാകുന്തളം ഏഴാമങ്കം നാടകീയമുഹൂർത്തങ്ങൾ നിറഞ്ഞതാണല്ലോ. ശുഭകരമായ അന്ത്യത്തിലേക്ക് കഥാഗതിയെ നാടകീയമായി വളർത്തിക്കൊണ്ടുവരാൻ കവി സ്വീകരിക്കുന്ന രചനാതന്ത്രങ്ങൾ എന്തൊക്കെ? പാഠഭാഗം ആസ്പദമാക്കി ചർച്ച സംഘടിപ്പിക്കാം.

  പാഠഭാഗത്തിലെ നാടകീയസന്ദർഭങ്ങൾ കണ്ടെത്താൻ നിർദേശിക്കുന്നു.

- സർവദമനൻ സിംഹക്കുട്ടിയുമായി കളിച്ചുനിൽക്കുമ്പോൾ ആകസ്മികമായുള്ള ദുഷ്ഷന്തന്റെ രംഗപ്രവേശം.
- ശകുന്തലാസ്യം എന്ന പ്രയോഗവും അതിനെ സർവദമനൻ ശകുന്തളയെന്ന് തെറ്റിദ്ധരിച്ചതും. (ശകുന്തലാസ്യം എന്ന പദത്തിന് ശകുന്തത്തിന്റെ നൃത്തമെന്നും ശകുന്തളയുടെ മുഖമെന്നും അർഥമുണ്ട്. ഒരേ പ്രയോഗത്തെ താപസിയും സർവദമനനും വ്യത്യസ്ത അർഥങ്ങളിലാണ് ഉൾക്കൊള്ളുന്നത്.)
- സർവദമനന്റെ കൈയിൽനിന്ന് വീണുപോയ 'രക്ഷ' ദുഷ്ഷന്തൻ എടുക്കുന്നത്.
- ശകുന്തളയുടെ കാൽക്കൽ വീണ് ദുഷ്ഷന്തൻ മാപ്പിരക്കുന്നത്.
- 

ഇത്തരം നാടകീയമുഹൂർത്തങ്ങൾ കണ്ടെത്തിയതിനുശേഷം ശുഭകരമായ കഥാന്ത്യത്തിലേക്ക് വളർത്തിക്കൊണ്ടുവന്നതിന് കവി സ്വീകരിച്ച രചനാതന്ത്രങ്ങളെക്കുറിച്ച് ചർച്ച ചെയ്യണം.

ചർച്ച വികസിപ്പിക്കുന്നതിനാവശ്യമായ സൂചനകളിൽ ചിലത് ചുവടെ ചേർക്കുന്നു.

- പ്രേക്ഷകന്റെ ആകാംക്ഷയെ അനുക്രമമായി വികസിപ്പിക്കുക.
- കഥാപാത്രങ്ങളുടെ രംഗപ്രവേശം (ഉചിതസമയത്ത്)
- ധ്വന്യാത്മകസംഭാഷണം
- പശ്ചാത്തലസൃഷ്ടി
- പാത്രസ്വഭാവം
- പരിണാമഗുപ്തി
- 
- 

ചർച്ചക്കുറിപ്പുകൾ തയാറാക്കുന്നു. (ചർച്ചയിലെ പങ്കാളിത്തം, അവതരണമികവ്, കുറിപ്പിലെ ഭാഷ, ആശയം, യുക്തിപൂർവമായ സമർഥനം തുടങ്ങി വാചികവും ലിഖിതവുമായ ഘടകങ്ങൾ പരിഗണിക്കണം).

## വിലയിരുത്തൽക്കുറിപ്പ് തയാറാക്കാം

പാഠഭാഗത്തിലെ ചില സന്ദർഭങ്ങൾ അധ്യാപിക അവതരിപ്പിക്കുന്നു.

- ധർമപത്നിയെ ഉപേക്ഷിച്ച അയാളുടെ നാമധേയം ആര് ഉച്ചരിക്കും!
- എന്റെ അച്ഛൻ ദുഷ്ഷന്തനാണ്, താനല്ല.
- ഹൃദയമേ, ഇനി ആശ്വസിക്കാം. ദൈവം മത്സരം വിട്ട് എന്റെ നേരെ കരുണചെയ്തു എന്നു തോന്നുന്നു. ഇത് ആര്യപുത്രൻ തന്നെ.

  സന്ദർഭങ്ങളിലെ കഥാപാത്രങ്ങൾ ആരൊക്കെയാണെന്ന് കുട്ടികൾ കണ്ടെത്തട്ടെ.

- കഥാപാത്രങ്ങളുടെ വാക്കുകളിൽ പ്രകടമാകുന്ന വൈകാരികതലം എന്തൊക്കെയാവാം?
- ഓരോ വാക്കും അത് പറയുന്നവരെയും കേൾക്കുന്നവരെയും ഒരേ തരത്തിലാണോ സ്വാധീനിക്കുന്നത്?

തുടങ്ങിയ ചോദ്യങ്ങളിലൂടെ, സന്ദർഭങ്ങളിൽ തെളിയുന്ന കഥാപാത്രങ്ങളുടെ മനോഭാവം വിശകലനം ചെയ്യാം.

- ബാലൻ കോപത്തോടെ പറയുന്ന വാക്കുകൾ ദുഷ്ഷന്തനിൽ സന്തോഷമുണ്ടാക്കുന്നു.
- താപസിയുടെ വാക്കുകളിൽ സ്ഫുരിക്കുന്ന അമർഷം.
- ആര്യപുത്രൻ തന്നെ തിരിച്ചറിഞ്ഞതിലുള്ള ശകുന്തളയുടെ സന്തോഷം.

തുടർന്ന് പാഠപുസ്തകത്തിൽ നൽകിയിരിക്കുന്ന എൻ.വി. കൃഷ്ണവാരിയരുടെ പ്രസ്താവന (ഭാഗ്യവും നിർഭാഗ്യവും...... ചിത്രീകരിക്കപ്പെട്ടിരിക്കുന്നു) അവതരിപ്പിക്കുന്നു.

മനുഷ്യജീവിതത്തിന്റെ എല്ലാ രൂപഭേദങ്ങളും ശാകുന്തളത്തിൽ ചിത്രീകരിക്കപ്പെട്ടിരിക്കുന്നു എന്നതിന്റെ സൂചനകളായി ഈ സന്ദർഭങ്ങളെ പരിഗണിക്കാമോ?

കുട്ടികൾ പ്രതികരിക്കട്ടെ.

ഉചിതമായ മറ്റു സന്ദർഭങ്ങൾകൂടി പാഠഭാഗത്തുനിന്നു കണ്ടെത്തി പ്രസ്താവന വിലയിരുത്താൻ നിർദേശിക്കുന്നു.

തയാറാക്കിയ കുറിപ്പുകൾ അവതരിപ്പിക്കട്ടെ.

### നാടകശില്പശാല സംഘടിപ്പിക്കാം

കുട്ടികളുടെ ബഹുമുഖസർഗശേഷികൾ വികസിപ്പിക്കാൻ സാധ്യതയുള്ള പ്രവർത്തനമാണ് നാടകാവതരണം. നാടകരചന, പരിശീലനം, അവതരണം, വിലയിരുത്തൽ തുടങ്ങിയ വിവിധ ഘട്ടങ്ങളിലൂടെ ഒരു നാടകത്തിന്റെ ഭാഗമായി കുട്ടികൾക്ക് കടന്നുപോകാൻ അവസരമുണ്ട്. അതുകൊണ്ടുതന്നെ നാടകാവതരണത്തിന് പഠനപ്രക്രിയയിൽ പ്രധാന സ്ഥാനമുണ്ട്. അതിനാവശ്യമായ പരിശീലനങ്ങൾ ക്ലാസ്മുറിയിൽനിന്നു മാത്രം ലഭിക്കുന്നതല്ല. ഇവിടെയാണ് നാടകശില്പശാലയുടെ പ്രസക്തി.

കുട്ടികളുടെ നാടകാവതരണത്തിൽ പാലിക്കേണ്ട പല ഘട്ടങ്ങളുണ്ട്. അവയിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് സംഘം ചേരലും കളിയുടെ അന്തരീക്ഷം സൃഷ്ടിക്കലും. സംഘം ചേരുന്നതിൽ കുട്ടികൾ പൊതുവെ താൽപ്പര്യമുള്ളവരാണ്. ഒരുമിക്കുകയും കളിക്കുകയും കളിയുടെ ആഹ്ലാദവും സൗന്ദര്യവും പങ്കിടുകയും ചെയ്യുന്നത് കുട്ടികളിൽ അന്തർലീനമായ സർഗവാസനകൾ തിരിച്ചറിയാൻ സഹായിക്കുന്നുണ്ട്. സർഗാത്മകതയുടെ ഈ ആനന്ദം അനുഭവിക്കുന്ന രീതിയിലാവണം നാടകശില്പശാല ആസൂത്രണം ചെയ്യേണ്ടത്.

എന്തെല്ലാം മുന്നൊരുക്കങ്ങൾ?

- ക്ലാസിൽ നാടകശില്പശാലയെക്കുറിച്ച് പൊതുചർച്ച സംഘടിപ്പിക്കൽ
- നാടകശില്പശാലയുടെ ആസൂത്രണം
    - സൗകര്യപ്രദമായ ദിവസം
    - ആവശ്യമായ സാമഗ്രികൾ
    - ചുമതലകൾ
    - പരിശീലകരെ കണ്ടെത്തൽ
    - പ്രചാരണം, സാമ്പത്തികം തുടങ്ങിയവ.

തദ്ദേശീയരായ നാടകകലാകാരുടെയും സംഘങ്ങളുടെയും സഹായം സ്വീകരിക്കാവുന്നതാണ്.

## വിശദീകരിക്കേണ്ടവ

- മുലപാതി കുടിച്ചു നിൽക്കവേ.............
  ........................ സിംഹബാലനെ.

ദുഷ്ഷന്തൻ ദേവാസുരയുദ്ധം കഴിഞ്ഞ് മടങ്ങിവരുന്ന സമയത്ത് മാരീചാശ്രമത്തിൽ വച്ച് സർവദമനനെ കാണുന്നതാണ് സന്ദർഭം.

അമ്മയുടെ മുലകുടിച്ചുനിൽക്കുന്ന സിംഹക്കുട്ടിയുടെ കഴുത്തിലെ രോമങ്ങൾ പിടിച്ചുവലിച്ച് തന്നോടൊപ്പം കളിക്കാനായി വിളിക്കുകയാണ് സർവദമനൻ.

ഇവിടെ ആശ്രമാന്തരീക്ഷത്തിന് യോജിച്ച പ്രവൃത്തിയല്ല ബാലനിൽ നിന്നുണ്ടാകുന്നത്. മാത്രമല്ല, സിംഹക്കുട്ടിയും ബാലനും തമ്മിലുള്ള ഈ ബന്ധം ദുഷ്ഷന്തനെ അദ്ഭുത

പ്പെടുത്തുകയും ചെയ്യുന്നു. നഗരവാസിയായ ദുഷ്ഷന്തനെ സംബന്ധിച്ച് സിംഹം ഹിംസ്ര ജീവിയാണ്. എന്നാൽ ആശ്രമവാസിയായ സർവദമനന് അതു തന്റെ സഹജീവിയാണ്. പ്രകൃതിയിലെ ജീവജാലങ്ങളുമായുള്ള ഇഴുകിച്ചേരൽ ബാലസഹജമാണല്ലോ.

- എരിയാൻ വിറകിന്നു......

  .............വീരബാലനെ

സർവദമനനെക്കണ്ട ദുഷ്ഷന്തന്റെ വിചാരം. ഈ കുട്ടി വലിയൊരു തേജസ്സിന്റെ വിത്താണെന്ന് എനിക്കു തോന്നുന്നു. എരിയുന്നതിനുവേണ്ടി വിറകും കാത്തുകിടക്കുന്ന തീപ്പൊരിപോലെ. ഭാവിയിൽ മഹാതേജസ്വിയായി വളരാനുള്ള ലക്ഷണങ്ങൾ ആശ്രമബാലനായ സർവദമനനിൽ ദുഷ്ഷന്തൻ കാണുന്നു.

- പല്ലിൻമൊട്ടുകൾ..........
  ................................
  ചെയ്തോരു ധന്യം ജനം....

അവ്യക്തമധുരമായ വാക്കുകളും കൊഞ്ചിക്കുഴയലും നിഷ്കളങ്കമായ ചിരിയുംകൊണ്ട് മക്കൾ മാതാപിതാക്കളെ സന്തോഷിപ്പിക്കുന്നു. അവരുടെ ശരീരത്തിൽ പറ്റിയിരിക്കുന്ന പൊടി സ്വന്തം ശരീരത്തിലേൽക്കുന്നതുപോലും മാതാപിതാക്കൾ സുകൃതമായി കരുതുന്നു. ലൗകികജീവിതത്തിലെ ശ്രേഷ്ഠവും ധന്യവുമായ നിമിഷങ്ങളിലൊന്നാണിത്. അതിനുള്ള ഭാഗ്യം തനിക്കില്ലെന്നതാണ് ഇവിടെ ദുഷ്ഷന്തനെ ആകുലനാക്കുന്നത്.

പല്ലിൻമൊട്ടുകൾ എന്ന പ്രയോഗത്തിലെ സവിശേഷഭംഗി ശ്രദ്ധേയമാണ്. ബാല്യത്തിന്റെ ഭാവചലനങ്ങളുടെ സൂക്ഷ്മത ഇവിടെ ദർശിക്കാം.

ദുഷ്ഷന്തന്റെ അനപത്യതാദുഃഖം ഇവിടെ ധ്വനിക്കുന്നു.

- തെറികാട്ടിയാശ്രമ...............
  .................................................
  ദോഷമുളവാക്കിവയ്ക്കൊലാ....

ചെറുപാമ്പ്, ചന്ദനമരത്തിനെന്നപോലെ നീ ആശ്രമവിരുദ്ധമായ കാര്യങ്ങൾ ചെയ്ത്, നിന്റെ ശ്രേഷ്ഠജന്മത്തിന് കളങ്കമുണ്ടാക്കരുത്.

തെറി – കുസൃതി എന്ന അർഥത്തിലാണ് ഇവിടെ പ്രയോഗിച്ചിരിക്കുന്നത്.

സംയമമാണ് ആശ്രമസ്ഥരുടെ പൊതുസ്വഭാവം. ഇതിനു വിരുദ്ധമായ ബാലചാപല്യങ്ങളാണ് സർവദമനൻ കാണിക്കുന്നത്. വിശുദ്ധതരസത്വസൗമ്യമായ ആശ്രമജീവിതത്തെ ചന്ദനമരത്തോടും സർവദമനനെ ചെറുപാമ്പിനോടും സാദൃശ്യപ്പെടുത്തിയതിന്റെ ഔചിത്യം ശ്രദ്ധേയമാണ്.

- ഗോത്രാദിയൊന്നുമറിയാതെ.........

  ..........................................

  പുണരുന്നൊരു പുണ്യവാന്.

കുലം തുടങ്ങിയ മറ്റു വിവരങ്ങളൊന്നുമറിയാതെ ഇവന്റെ ശരീരത്തിൽ തൊട്ടപ്പോൾ എനിക്ക് ഇത്രമാത്രം സുഖം തോന്നുന്നുവെങ്കിൽ പുത്രനാണെന്ന പ്രതിപത്തിയോടെ പുണരുന്ന പുണ്യവാൻ അനുഭവിക്കുന്ന നിർവൃതി എത്രത്തോളമായിരിക്കും!

സർവദമനന്റെ പിതാവായിരിക്കുന്നത് അത്രയേറെ പുണ്യമാണെന്ന് ദുഷ്ഷന്തൻ കരുതുന്നു. അവന്റെ കുസൃതിയും വീരത്വവും നിഷ്കളങ്കതയും പ്രസരിപ്പും അത്രയ്ക്കു ദുഷ്ഷന്തനെ ആകർഷിച്ചു.

പുത്രത്വം - പുത്രനാണെന്ന ബോധം

- ധരണീഭരണത്തിനായി .................
  ——————————

  പുരുവംശോദ്ഭവരേകപത്നിയോടെ.

രാജ്യഭരണത്തിനായി കൊട്ടാരങ്ങളിൽ വസിച്ചതിനുശേഷം പുരുവംശത്തിൽ പിറന്നവർ ഏകപത്നീസമേതം വനവാസത്തിനെത്തിച്ചേരാറുണ്ട്.

ബ്രഹ്മചര്യം, ഗാർഹസ്ഥ്യം, വാനപ്രസ്ഥം, സന്ന്യാസം എന്നിങ്ങനെ നാല് ആശ്രമങ്ങൾ ഒരു മനുഷ്യായുസ്സിൽ കൽപ്പിക്കാറുണ്ട്. അതിൽ വാനപ്രസ്ഥത്തെക്കുറിച്ചാണ് ഈ ശ്ലോകത്തിൽ സൂചിപ്പിക്കുന്നത്.

പൗരവൻമാർ വാർധക്യത്തിൽ വാനപ്രസ്ഥം സ്വീകരിക്കാറുണ്ട്.

'വാർധകേ മുനിവൃത്തീനാം' എന്ന ആദർശക്കാരായിരുന്നു അക്കാലത്തെ രാജാക്കന്മാരിൽ ഭൂരിപക്ഷവും. രാജഭരണത്തിന്റെ ആഡംബരത്തിൽനിന്ന് പ്രകൃതിയുടെ ലാളിത്യത്തിലേക്കുള്ള പ്രയാണം 'തരുമൂലഗൃഹസ്ഥരായ്ച്ചരിപ്പൂ'എന്ന പ്രയോഗത്തിൽ അന്തർഭവിച്ചിരിക്കുന്നു.

- മലിനം വസനദ്വയം —————— വിയോഗദീക്ഷ സാധ്വി.

വിരഹദുഃഖമനുഭവിക്കുന്ന ശകുന്തളയെ ദുഷ്ഷന്തൻ കാണുന്നതാണ് സന്ദർഭം. മലിനമായ രണ്ട് വസ്ത്രങ്ങളാണ് അവൾ ധരിച്ചിരിക്കുന്നത്. വ്രതദീക്ഷയാൽ ഏറെ മെലിഞ്ഞിരിക്കുന്നു. മുടി മെടഞ്ഞ് ഒറ്റയാക്കിയിരിക്കുന്നു (വിരഹത്തിൽ പതിവ്രതമാർ മുടി ഒറ്റയായി മെടഞ്ഞിടുകയാണ് പതിവ്). ദുഷ്ടനായ തന്റെ, ദീർഘകാലമായുള്ള വിരഹത്തെ ഇവൾ പലനാളായി വ്രതമായി അനുഷ്ഠിച്ചുവരുകയാണ്.

ശകുന്തളയുടെ മനോവിശുദ്ധി മനസ്സിലാക്കിയ ദുഷ്ഷന്തന്റെ ആത്മവിമർശനമാണ് ഈ ഭാഗത്ത് പ്രകടമാകുന്നത്.

- മോഹമകന്നു തെളിഞ്ഞേൻ,
  ———————— ചേർന്നു ഭാഗ്യവശാൽ

  ഓർമവന്നപ്പോൾ സുന്ദരിയായ നീ എന്റെ മുന്നിൽ വന്നു. രാഹുവിനെ ഉപേക്ഷിച്ച ചന്ദ്രൻ രോഹിണിയോടു ചേർന്നപോലെ.

ചന്ദ്രന്റെ ഭാര്യയാണ് രോഹിണി. രാഹുഗ്രസ്തനാകുമ്പോൾ രോഹിണിയെക്കാണാൻ ചന്ദ്രനു സാധിക്കുകയില്ല. ഗ്രഹണം തീരുമ്പോൾ രോഹിണീസാമീപ്യം കൈവരുകയും ചെയ്യും. അതുപോലെ ശാപശക്തികൊണ്ട് ശകുന്തളയെ മറന്നുപോയ ദുഷ്ഷന്തന് ശാപമകന്ന് ബുദ്ധിതെളിഞ്ഞപ്പോൾ ശകുന്തളയെ തിരിച്ചറിയാൻ കഴിഞ്ഞുവെന്ന് സാരം.

- ഇന്നിജ്ജയപ്രാർഥന.......

  ——————————

  സുന്ദരി കാൺകയാലേ'

ആര്യപുത്രനു വിജയം എന്നു പറഞ്ഞ് മുഴുമിപ്പിക്കുന്നതിനുമുൻപ് ശകുന്തളയ്ക്ക് തൊണ്ടയിടറി. അപ്പോഴുള്ള ദുഷ്ഷന്തന്റെ പ്രതികരണമാണിത്. വിജയിക്കട്ടെ എന്ന ഈ പ്രാർഥന ഇന്ന് ഇടയ്ക്കുവച്ച് ഗദ്ഗദത്താൽ പൂർണമാകാഞ്ഞിട്ടും അത് എന്നിൽ ഫലിച്ചിരിക്കുന്നു. താംബൂലരാഗം ചേരാത്ത ശകുന്തളയുടെ തൊണ്ടിപ്പഴം പോലെയുള്ള അധരങ്ങൾ കണ്ടത് അതിനു തെളിവാണ്.

വിരഹിണികൾ താംബൂലചർവണം (വെറ്റിലമുറുക്കൽ) നടത്താറില്ല. ശകുന്തളയെക്കണ്ടപ്പോൾ അവൾ ദീർഘകാലമായി വിയോഗവ്യഥ അനുഭവിച്ചിരുന്നുവെന്ന് രാജാവിനു മനസ്സിലായി. ഇക്കാലമത്രയും അവൾ തന്നെ സ്നേഹിച്ചിരുന്നുവെന്ന് അറിഞ്ഞപ്പോഴുള്ള ദുഷ്ഷന്തന്റെ സന്തോഷമാണ് ശ്ലോകത്തിൽ തെളിയുന്നത്.

- തെല്ലും ഞാൻ —————

  ————————————

  പാമ്പിതെന്നോതിയന്ധൻ

ഞാൻ ഉപേക്ഷിച്ചതിലെ പരിഭവം നീ നിന്റെ ഹൃദയത്തിൽനിന്നു നീക്കിക്കളയണം. അന്ന് എന്റെ മനസ്സിന് എന്തോ കളങ്കം ബാധിച്ചിരുന്നു (ദുർവാസാവിന്റെ ശാപം സൂചിതം). മനസ്സിൽ കളങ്കം ബാധിച്ചവർ നന്മവരുമ്പോഴും ഇതുപോലെത്തന്നെയാണല്ലോ പെരുമാറുന്നത്. തലയിലിട്ടു കൊടുത്ത പൂമാലയെയും കാഴ്ചയില്ലാത്തവൻ പാമ്പെന്നു പേടിച്ച് കുടഞ്ഞുകളയും. ശകുന്തളയെന്ന നന്മയെ തിരിച്ചറിയാൻ തന്റെ മനസ്സിലെ മാലിന്യം കൊണ്ട് കഴിഞ്ഞിരുന്നില്ലെന്ന കുറ്റസമ്മതമാണ് ദുഷ്ഷന്തൻ നടത്തുന്നത്. കാഴ്ചപരിമിതിയുള്ള കുട്ടികളും ക്ലാസിലുണ്ടാകുമല്ലോ. 'അന്ധൻ' എന്ന പ്രയോഗം വിശദീകരിക്കുമ്പോൾ അക്കാര്യം പ്രത്യേകം ശ്രദ്ധിക്കണം. ആ സാദൃശ്യകല്പന ഒരു സാമാന്യതത്ത്വമായി പറഞ്ഞ് ഉറപ്പിക്കേണ്ടതില്ല.

- സമ്മോഹത്താലവശന-------

  ————————————————

  ചെറ്റുഞാനാറ്റിടട്ടേ--------------

കൊട്ടാരത്തിലെത്തിയ ഗർഭിണിയായ ശകുന്തളയെ ദുഷ്ഷന്തൻ തിരിച്ചയയ്ക്കുമ്പോൾ അപമാനഭാരത്താൽ അവൾ കരഞ്ഞു. അന്ന് മനസ്സിലെ അജ്ഞതകൊണ്ട്, അവളുടെ അധരങ്ങളിൽ പതിച്ച ചുടുകണ്ണുനീർ തുടയ്ക്കാൻ തനിക്ക് കഴിഞ്ഞില്ല. ഇന്ന് അവളുടെ മനോഹരമായ ഇമകളിൽ പറ്റിനിൽക്കുന്ന കണ്ണീർ തുടച്ച് ഞാൻ എന്റെ മനസ്സിന്റെ ദുഃഖം അൽപ്പം കുറയ്ക്കട്ടെ.

ശകുന്തള പണ്ട് ദുഷ്ഷന്തന്റെ കൊട്ടാരത്തിൽ വച്ച് വീഴ്ത്തിയ ചുടുകണ്ണീരാണ് താനിപ്പോൾ തുടയ്ക്കുന്നത്. കൊട്ടാരത്തിൽ വച്ച് പരിത്യജിച്ചപ്പോൾ ശകുന്തള പൊഴിച്ച കണ്ണീർ തുടയ്ക്കാൻ ദുഷ്ഷന്തന് സാധിച്ചിരുന്നില്ല. അതിന്റെ പ്രായശ്ചിത്തമാണ് താനിപ്പോൾ ചെയ്യുന്നതെന്ന് സാരം. തിരിച്ചറിവിലൂടെയുണ്ടായ പശ്ചാത്താപം ദുഷ്ഷന്തന്റെ മഹത്ത്വം വർധിപ്പിച്ചിരിക്കുന്നു. സ്ത്രീയോട് ചെയ്ത അപരാധത്തിന് ക്ഷമ ചോദിക്കാനും പ്രായശ്ചിത്തം ചെയ്യാനും തന്റെ രാജപദവിയോ വീരത്വമോ തടസ്സമാകുന്നില്ലെന്നതും ശ്രദ്ധേയമാണ്.

- ഭവതിയുടയ പുത്രനെന്നുമേ ------------------ ഭൂഷണപ്രായമായി

കശ്യപപ്രജാപതിയായ മാരീചൻ സ്വപത്നിയായ ദാക്ഷായണി (ദേവമാതാവായ അദിതി) യോട് പറയുന്നതാണ് സന്ദർഭം. നിന്റെ മകനായ ഇന്ദ്രൻ യുദ്ധത്തിൽ എന്നും മുമ്പനാണ്. രാജാവായ ദുഷ്ഷന്തനാകട്ടെ, കുലവില്ലാൽ ശത്രുസംഹാരം നടത്തി. അതിനാൽ വജ്രായുധം ഇന്ദ്രന് കേവലം ഭൂഷണമായി മാറി.

ദേവേന്ദ്രന് വജ്രായുധം പ്രയോഗിക്കേണ്ടാത്തവിധം ദുഷ്ഷന്തൻ അസുരനിഗ്രഹം നടത്തിയെന്ന് സാരം. ദുഷ്ഷന്തന്റെ വീരത്വത്തെയാണ് മാരീചൻ ഇവിടെ സൂചിപ്പിക്കുന്നത്.

- പന്ത്രണ്ടായിപ്പിരിഞ്ഞീടിന ------------- വിധിക്കൊന്നുവിട്ടുള്ള പുത്രർ.

ദുഷ്ഷന്തൻ മാരീചനെയും അദിതിയെയും കുറിച്ച് ഇന്ദ്രതേരാളിയായ മാതലിയോട് പറയുന്നതാണ് സന്ദർഭം.

പന്ത്രണ്ട് മൂർത്തികളായിപ്പിരിയുന്ന തേജസ്സിന്റെ സമൂഹമായ സൂര്യന് ജന്മകാരണവും മന്ത്രത്താൽ പരിശുദ്ധമായ ഹോമദ്രവ്യമേൽക്കുന്ന ജഗദധിപനായ ഇന്ദ്രന് മാതാപിതാക്കളായിട്ടുള്ളവരും ബ്രഹ്മാവിന് മുമ്പേയുള്ളവനായ പരമപുരുഷന്റെ (വാമനന്റെ) ജന്മദാതാക്കളുമായ മാരീചനും ദാക്ഷായണിയും ബ്രഹ്മാവിന്റെ പൗത്രരാണ്.

ധാതാവ്, മിത്രൻ, ആര്യമാവ്, അംശൻ, വരുണൻ, ശുക്രൻ, ഭഗൻ, വിവസ്വാൻ, പുഷാവ്, സവിതാവ്, വിഷ്ണു, ത്വഷ്ടാവ് എന്നിങ്ങനെ പന്ത്രണ്ട് മൂർത്തീഭേദങ്ങൾ സൂര്യനുള്ളതായി മഹാഭാരതം ആദിപർവത്തിൽ പറയുന്നു.

ഓരോ മാസവും സൂര്യൻ ഓരോ രൂപം ധരിക്കുന്നുവെന്ന് സങ്കൽപ്പം. ഇവരുടെ മാതാപിതാക്കളാണ് അദിതിയും കശ്യപനും.

മഹാവിഷ്ണു വാമനാവതാരമായി ജന്മമെടുത്തപ്പോൾ അദിതിയും കശ്യപനുമായിരുന്നു മാതാപിതാക്കൾ.

വിധിക്കൊന്നുവിട്ടുള്ള പുത്രർ - പൗത്രർ എന്നർഥം.

ബ്രഹ്മാവിന്റെ മകൻ മരീചി, മരീചിയുടെ മകൻ മാരീചൻ.

ബ്രഹ്മാവിന്റെ മകൻ ദക്ഷൻ, ദക്ഷന്റെ മകൾ ദാക്ഷായണി (അദിതി)

പുരന്ദരസമൻ -------- പൗലോമീതുല്യയാക നീ.

മാരീചൻ ശകുന്തളയെ ആശംസിക്കുന്നതാണ് സന്ദർഭം.

ഇന്ദ്രതുല്യനായ ഭർത്താവ്, ജയന്തതുല്യനായ പുത്രൻ, നീ പൗലോമീതുല്യയാവുക. മറ്റെന്ത് ആശിസ്സാണ് ഞാൻ നൽകേണ്ടത്?

| | | |
|---|---|---|
| പുരന്ദരൻ | - | ഇന്ദ്രൻ |
| ജയന്തൻ | - | ഇന്ദ്രന്റെ മകൻ |
| പൗലോമി | - | ഇന്ദ്രന്റെ ഭാര്യ |

## ശാകുന്തളത്തിലെ മുഖ്യകഥാപാത്രങ്ങൾ

1. ദുഷ്ഷന്തൻ - പുരുവംശത്തിൽ ജനനം. ഹസ്തിനപുരത്തിലെ രാജാവ് (നാടകത്തിലെ നായകൻ)
2. ശകുന്തള- വിശ്വാമിത്രന് അപ്സരസ്സായ മേനകയിൽ ജനിച്ച മകൾ. കണ്വന്റെ (കശ്യപൻ) വളർത്തുമകൾ. (നായിക)
3. അനസൂയയും പ്രിയംവദയും - ശകുന്തളയുടെ സഖിമാർ
4. കണ്വൻ (കശ്യപൻ) - ശകുന്തളയുടെ വളർത്തുപിതാവായ മുനി
5. ഗൗതമി- കണ്വാശ്രമത്തിലെ വൃദ്ധതാപസി, ശകുന്തളയുടെ വളർത്തമ്മ
6. ശാർങ്ഗരവനും ശാരദ്വതനും - കണ്വമഹർഷിയുടെ ശിഷ്യന്മാർ
7. സാനുമതി - മേനകയുടെ സഖിയായ അപ്സരസ്സ്
8. മാതലി - ദേവേന്ദ്രന്റെ സാരഥി - ദേവാസുരയുദ്ധം കഴിഞ്ഞു മടങ്ങുന്ന ദുഷ്ഷന്തനെ ഹേമകൂടത്തിലെത്തിച്ച് ശകുന്തളാസമാഗമത്തിന് വഴിയൊരുക്കുന്നു.
9. മാരീചൻ (കശ്യപപ്രജാപതി) - ദേവേന്ദ്രന്റെ പിതാവായ മഹർഷി

   ഹേമകൂടത്തിൽ താമസിക്കുന്നു. ഭർത്താവ് ഉപേക്ഷിച്ച ശകുന്തളയെ മേനക കൊണ്ടുചെന്നാക്കിയത് മാരീചാശ്രമത്തിലാണ്.
10. അദിതി - ദേവമാതാവ്
11. സർവദമനൻ - ശകുന്തളയുടെയും ദുഷ്ഷന്തന്റെയും മകൻ.

# യൂണിറ്റ്‌വിശകലനം

പ്രവർത്തനസമയം : 24 പിരീഡ്

| പഠനനേട്ടങ്ങൾ | പാഠഭാഗങ്ങൾ | ആശയം/ ധാരണ | പ്രധാന പ്രവർത്തനങ്ങൾ | പഠനത്തെളിവുകൾ (വ്യവഹാരരൂപങ്ങൾ/ പ്രകടിതരൂപങ്ങൾ) | വിലയിരുത്തൽ |
|---|---|---|---|---|---|
| • നാടകങ്ങൾ വായിച്ച് അവയിലെ ഉള്ളടക്കം, രചനാപരമായ പ്രത്യേകതകൾ, ഭാഷാസവിശേഷതകൾ, എന്നിവ വിശകലനം ചെയ്ത് രചനകൾ നിർവഹിക്കുന്നു. | | • കാളിദാസകൃതികളിൽ കാവ്യഭാവനകൊണ്ടും വർണനകൾ കൊണ്ടും ശ്രേഷ്ഠമായത് അഭിജ്ഞാന ശാകുന്തളം നാടകമാണ്. | • വിശകലനക്കുറിപ്പ് | • കുറിപ്പ് | • ആശയം<br>• സ്വന്തം നിരീക്ഷണം |
| • നാടകങ്ങളിലെ കാവ്യാത്മകമായ പ്രയോഗങ്ങൾ, കഥാപാത്ര സവിശേഷതകൾ എന്നിവ കണ്ടെത്തി വിശകലനം ചെയ്യുന്നു. | ഋതുയോഗം | • കാവ്യഭാഷയുടെയും ഗദ്യഭാഷയുടെയും സവിശേഷ സൗന്ദര്യം തിരിച്ചറിയുന്നു. | • ആസ്വാദനക്കുറിപ്പ്<br>• കഥാപാത്രങ്ങളെ വിലയിരുത്തുന്നു.<br>• പ്രയോഗഭംഗി കണ്ടെത്തുന്നു. | • കുറിപ്പ്<br>• കഥാപാത്രനിരൂപണം<br>• കുറിപ്പ് | • ഉചിതമായ ശീർഷകം<br>• ആശയം<br>• സ്വന്തം നിരീക്ഷണം<br>• കഥാപാത്ര സവിശേഷതകൾ<br>• സാമൂഹികവീക്ഷണം<br>• സ്വന്തം നിരീക്ഷണം<br>• പ്രയോഗസവിശേഷതകൾ<br>• സ്വന്തം നിരീക്ഷണം<br>• ഭാഷ |
| • നാടകത്തിന്റെ സവിശേഷതകൾ തിരിച്ചറിഞ്ഞ് രചനകളിൽ ഏർപ്പെടുന്നു. | | • നാടകരചന, അഭിനയം, അവതരണം എന്നിവയിൽ പരിചയം നേടുന്നു. | • നാടകശില്പശാല<br>• സ്വതന്ത്രരചന<br>• അവതരണം | • നാടകം | • പ്രമേയം<br>• സംഭാഷണമികവ്<br>• അവതരണരീതി<br>• ഭാഷ |

# പാവങ്ങൾ

കാലദേശാദിപരിമിതികൾ മറികടന്ന് സാഹിത്യം സാമൂഹികാവസ്ഥ കളുടെ ഏകസ്വരമായി മാറുന്നു എന്നതിന്റെ അനുഭവസാക്ഷ്യമാണ് വിക്ടർ ഹ്യൂഗോയുടെ 'പാവങ്ങൾ' എന്ന കൃതി. ഫ്രഞ്ച് കവിയും നോവ ലിസ്റ്റുമായ ഹ്യൂഗോയുടെ നവോത്ഥാനവീക്ഷണം ഇതിൽ കാലാതീത മായി ജീവിക്കുന്നുണ്ട്. ഫ്രാൻസിലെ വിപ്ലവപരിതസ്ഥിതിയും അദ്ദേഹം അനുഭവിച്ച പ്രവാസവും സ്വന്തം അനുഭവസീമകളെ വിപുലമാക്കുകയും സർഗവേദനയുടെ ലഹരികളായി മാറുകയും ചെയ്തു. ക്രിസ്തുവിനെ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും പ്രതീകമായി ആരാധിച്ചു. അദ്ദേഹം കൊളോണിയലിസത്തിനും സ്വേച്ഛാധിപത്യത്തിനുമെതിരെ ശബ്ദമുയർത്തി. യാഥാർഥ്യങ്ങളെ ആസ്പദമാക്കി രചിച്ച നോവലാണ് 'പാവങ്ങൾ.' മനുഷ്യജീവിതത്തിന്റെ മഹാസങ്കടങ്ങളെ അടയാളപ്പെടു ത്തിയ 'പാവങ്ങൾ' എല്ലാ കാലത്തും പാവങ്ങളായി ജീവിച്ചു മരിച്ചു പോകുന്ന മനുഷ്യരുടെ മഹാഗാഥയാണ്. ദസ്തയേവ്സ്കിയെപ്പോ ലുള്ളവരുടെ സാഹിത്യജീവിതത്തെ "പാവങ്ങൾ" ആഴത്തിൽ സ്വാധീ നിച്ചിട്ടുണ്ട്. മലയാള സാഹിത്യത്തെയും ഏറെ സ്വാധീനിച്ച കൃതിയാണ് 'പാവങ്ങൾ'. മാനവികതയും കാരുണ്യവും പരസ്പരപൂരകമാകുന്ന നോവലിന്റെ ആദ്യഭാഗമാണ് പാഠഭാഗമായി നൽകിയിട്ടുള്ളത്.

## പാവങ്ങൾ - നോവൽപ്രപഞ്ചത്തിലെ അദ്ഭുതസൃഷ്ടി

വിശ്രുത ചിന്തകനും എഴുത്തുകാരനുമായ ലിയോ ടോൾസ്റ്റോയി ലോകത്തിൽ വച്ച് ഏറ്റവും ഉത്കൃഷ്ടങ്ങളായ അഞ്ചു ഗ്രന്ഥങ്ങൾ തിരഞ്ഞെടുത്തതിൽ രണ്ടെണ്ണം ഹ്യൂഗോയുടേതാണ്. ഒന്നാമത്തേത് 'പാവങ്ങൾ'തന്നെ. മനുഷ്യരാശിയെ വലയം ചെയ്ത അനേകം പ്രശ്നങ്ങളുടെയും സാമൂഹികജീവിതത്തിലെ എണ്ണമറ്റ രംഗങ്ങളുടെയും വർണചിത്രങ്ങളടങ്ങിയ ഈ 'പാശ്ചാത്യമഹാഭാരതം' നോവൽപ്രപഞ്ചത്തിലെ അദ്ഭുതസൃഷ്ടിയാണ്. ഫ്രാൻസിന്റെ ചരിത്രത്തിൽ നെപ്പോളിയനുശേഷമുള്ള ഒരു കാലഘട്ടത്തിന്റെ ചിത്രീകരണംകൂടിയാണ് ഈ നോവൽ.

'പാവങ്ങൾ' ഫ്രാൻസിലെ മാത്രം പാവങ്ങളുടെ കഥയല്ല. അജ്ഞരും നിരാശരുമായ മനുഷ്യർ എവിടെയുണ്ട്, ഭക്ഷണത്തിനുവേണ്ടി സ്ത്രീകൾ എവിടെയെല്ലാം വിൽക്കപ്പെടുന്നുണ്ട്, അറിവുനേടാനുള്ള പുസ്തകവും തണുപ്പുമാറ്റാനുള്ള നെരിപ്പോടും കിട്ടാതെ കുട്ടികൾ എവിടെയെല്ലാം കഷ്ടപ്പെടുന്നുണ്ട് - അവിടെയെല്ലാം 'പാവങ്ങൾ' എന്ന നോവൽ വാതിലിൽ മുട്ടിവിളിച്ചു പറയും: "എനിക്കുവേണ്ടി വാതിൽ തുറക്കുക, ഞാൻ വരുന്നത് നിങ്ങളെ കാണാനാണ്." പുരുഷൻമാർക്ക് ദാരിദ്ര്യത്താലുള്ള അധഃപതനം, സ്ത്രീകൾക്ക് വിശപ്പ് കാരണമുണ്ടാകുന്ന മാനഹാനി, കുട്ടികൾക്ക് അറിവില്ലായ്മയാൽ നേരിടുന്ന മുരടിപ്പ് - ഇവ എത്രകാലം നിലനിൽക്കുന്നുവോ, അത്രയും കാലം പാവങ്ങൾ എന്ന നോവലിന് സാർവജനീനമായ സ്വീകാര്യതയുണ്ടാവുകതന്നെ ചെയ്യും. രണ്ടായിരത്തിൽപ്പരം പേജുകളിൽ പരന്നുകിടക്കുന്ന ഈ നോവലിന്റെ ഇതിവൃത്തം ഴാങ് വാൽ ഴാങ് എന്ന തടവുപുള്ളിയുടെ ജീവിതമാണ്. ഇരുട്ടിൽനിന്ന് വെളിച്ചത്തിലേക്കുള്ള ഒരു പ്രയാണമാണ് വർണപ്പൊലിമയാർന്ന ആ കഥാപാത്രത്തിന്റെ ദുരിതപൂർണമായ ജീവിതയാത്ര. നിയമത്തിന്റെയും ശിക്ഷയുടെയും കാഠിന്യം മനുഷ്യനെ നന്നാക്കുന്നതിനു പകരം കൂടുതൽ ദുഷിപ്പിക്കുകയാണ് ചെയ്യുന്നത്. മനുഷ്യനെ പിശാചാക്കിത്തീർക്കുന്നത് അജ്ഞതയും ദാരിദ്ര്യവുമാണ്. അവയുടെ നിവാരണത്തിലാണ് ഭരണാധികാരികളും സാമൂഹികപരിഷ്കർത്താക്കളും ശ്രദ്ധിക്കേണ്ടത് എന്ന് നോവൽ തുറന്നുപറയുന്നുണ്ട്. സമൂഹവും നിയമവും മനുഷ്യനന്മയെ എപ്രകാരമാണ് വേട്ടയാടുന്നതെന്നും വ്യക്തി അതിനെ എങ്ങനെയാണ് നേരിടുന്നതെന്നും 'പാവങ്ങൾ' നമുക്ക് അനുഭവപ്പെടുത്തുന്നു. തത്ത്വജ്ഞാനിയും മനുഷ്യസ്നേഹിയുമായ ഹ്യൂഗോ പതിനഞ്ചുവർഷം പഠനവും നിരീക്ഷണവും നടത്തിയിട്ടാണ് അന്നത്തെ ഫ്രഞ്ച് സാമൂഹികചരിത്രത്തെ ഉത്കൃഷ്ടമായ സാഹിത്യസൃഷ്ടിയായി രൂപപ്പെടുത്തിയത്. അംഗീകൃത സദാചാരസങ്കൽപ്പങ്ങളുടെ അസംബന്ധം ബോധ്യപ്പെട്ട് വായനക്കാർ ഭ്രഷ്ടമനുഷ്യരെ സ്നേഹിച്ചുപോകുന്ന മാന്ത്രികവിദ്യ ഹ്യൂഗോ നോവലിൽ അവതരിപ്പിച്ചു. ഴാങ് വാൽ ഴാങ് എന്ന കുറ്റവാളിയെ നാം സ്നേഹിക്കുന്നു. മാനുഷികമഹത്ത്വത്തിന്റെ ഔന്നത്യത്തിലേക്ക് അയാൾ ഉയരുന്നതു കണ്ട് വായനക്കാരും വിമലീകരിക്കപ്പെടുന്നു. കാരുണ്യത്തിന്റെയും സ്നേഹത്തിന്റെയും മറ്റൊരവസ്ഥയാണ് ഹ്യൂഗോ സൃഷ്ടിച്ചത്. അതിലൂടെ ലോകത്ത് എവിടെയുമുള്ള പട്ടിണിപ്പാവങ്ങളുടെ വിമോചനശാസ്ത്രമായി മാറുകയായിരുന്നു 'പാവങ്ങൾ' എന്ന നോവൽ.

*- (ഇ. ഹരികുമാർ)*

## പാവങ്ങൾ - കഥാസംഗ്രഹം

പാരീസിലെ ഡി. പട്ടണത്തിലെ മെത്രാനായിരുന്ന മൊസ്യു ഷാർളെ ബിയാങ് വെന്യു മിറിയേൽ തികഞ്ഞ മനുഷ്യസ്നേഹിയായിരുന്നു. ലളിതജീവിതം നയിച്ചുപോരുന്ന അദ്ദേഹത്തിന്റെ വീട്ടിലെ വാതിലുകൾ ഒരിക്കലും പൂട്ടിയിരുന്നില്ല. 1815 ഒക്ടോബർ ആദ്യവാരത്തിലെ ഒരു സായാഹ്നത്തിൽ അത്യധികം ദൈന്യനായ ഒരു മനുഷ്യൻ ഡി. പട്ടണത്തിൽ വന്നുചേർന്നു. സത്രത്തിലും വീടുകളിലും മദ്യശാലയിലും ഭക്ഷണത്തിനും താമസത്തിനുമായി മുട്ടിവിളിച്ചെങ്കിലും ആരും അയാൾക്ക് അഭയം നൽകിയില്ല. നിന്ദിതനും ക്ഷീണിതനുമായ അയാൾ ഒന്നു തലചായ്ക്കാൻ ഒരു പട്ടിക്കൂട്ടിൽ അഭയം തേടി. പട്ടി അയാളെ ആക്രമിച്ചു. അങ്ങനെ പട്ടിക്കൂട്ടിൽ നിന്നുപോലും ആട്ടിയോടിക്കപ്പെട്ട് വിശപ്പും തളർച്ചയും സഹിക്കവയ്യാതെ മെത്രാന്റെ വീട്ടിനകത്തേക്ക് കടന്നുചെന്നു. മെത്രാൻ കൗതുകപൂർവം എന്തോ ചോദിക്കാനൊരുങ്ങിയപ്പോൾ അയാൾ സ്വയം പരിചയപ്പെടുത്തുന്നു.

ബ്രീയിലെ ദരിദ്ര കർഷകകുടുംബത്തിൽ ജനിച്ച ഴാങ് വാൽ ഴാങിന് ചെറുപ്പത്തിലേ അച്ഛനും അമ്മയും നഷ്ടപ്പെട്ടു. ചെറുപ്പത്തിൽ വിദ്യാഭ്യാസം ലഭിക്കാതിരുന്ന അയാൾ മുതിർന്നപ്പോൾ ഫെവറോളയിൽ മരംവെട്ടുകാരനായി. വിധവയായ ഏക സഹോദരിയുടെയും ഏഴ് കുട്ടികളുടെയും സംരക്ഷണം 25-ാം വയസ്സിൽ ഏറ്റെടുക്കേണ്ടിവന്നു. ഒരു മഞ്ഞുകാലത്ത് തൊഴിലില്ലാതെ മുഴുപ്പട്ടിണിയിലായപ്പോൾ വിശന്നുകരയുന്ന കുട്ടികൾക്കു വേണ്ടി മറ്റുമാർഗമില്ലാതെ അയാൾ ബേക്കറിയിൽ നിന്ന് ഒരു റൊട്ടി മോഷ്ടിച്ചു. മാപ്പർഹിക്കുന്നതാണെങ്കിലും അയാളെ അഞ്ചു വർഷം തുലോങ്ങിലെ കപ്പൽശാലയിൽ ചങ്ങലയ്ക്കിട്ട് തണ്ടുവലിക്കാൻ ശിക്ഷിക്കുന്നു. സഹോദരിയെയും കുട്ടികളെയും കാണാനുള്ള മോഹത്താൽ മൂന്നു തവണ തടവുചാടിയതിന്റെ പേരിൽ ശിക്ഷ 19 വർഷമായി നീളുന്നു. ശിക്ഷാകാലയളവിൽ ജയിൽപ്പുള്ളികൾക്കുവേണ്ടി ക്രിസ്തീയസന്ന്യാസിമാർ നടത്തിയ സ്കൂളിൽനിന്ന് അയാൾ എഴുത്തും വായനയും പഠിച്ചു. തന്റേതുമാത്രമല്ലാത്ത കാരണത്താൽ 19 വർഷം കഠിനശിക്ഷയനുഭവിച്ച ഴാങ് വാൽ ഴാങ് കപ്പലിലെ കഷ്ടപ്പാടുകൾകൊണ്ട് മൂർച്ചകൂട്ടിയ വെറുപ്പ് എന്ന ആയുധവും തടവുപുള്ളി എന്നു മുദ്രകുത്തിയ മഞ്ഞക്കാർഡുമായി തെരുവിലേക്കിറങ്ങി. അങ്ങനെയാണയാൾ മെത്രാന്റെ ഭവനത്തിൽ എത്തിച്ചേർന്നത്.

മെത്രാൻ ഴാങ് വാൽ ഴാങിന് സ്നേഹപൂർവം ഭക്ഷണവും കിടക്കാൻ മെത്തയും നൽകി. താൻ ആരാണെന്ന് നിങ്ങൾക്കറിയാമോ എന്ന ഴാങ് വാൽ ഴാങിന്റെ ചോദ്യത്തിന് "നിങ്ങളുടെ പേര് എന്റെ സഹോദരൻ" എന്ന മറുപടി ഴാങ് വാൽ ഴാങിനെ അദ്ഭുതപ്പെടുത്തി. ബിഷപ്പിന്റെ സ്നേഹോഷ്മളമായ സ്വീകരണത്തിൽ എല്ലാം മറന്ന് ഉറങ്ങിപ്പോയ ഴാങ് വാൽ ഴാങ് ഏതോ യാമത്തിൽ ഉണരുന്നു. 19 വർഷത്തെ ജയിൽവാസം സമ്മാനിച്ച മനസ്സിന്റെ കാഠിന്യം അയാളിൽ ദുഷിച്ച ചിന്തയുണർത്തി. മെത്രാന്റെ ഭവനത്തിലെ വെള്ളിപ്പാത്രങ്ങൾ കൈക്കലാക്കാൻ മനസ്സു മന്ത്രിച്ചു. മറ്റൊന്നും ആലോചിക്കാതെ വെള്ളിപ്പാത്രങ്ങൾ കൈക്കലാക്കി അതിവിദഗ്ധമായി അയാൾ ഇരുട്ടിലേക്ക് ഓടിയകന്നു. പുലർകാലത്ത് വെള്ളിപ്പാത്രങ്ങളുമായി ഴാങ് വാൽ ഴാങിനെ പോലീസുകാർ മെത്രാന്റെ മുന്നിൽ ഹാജരാക്കി. ആ പാത്രങ്ങൾ താൻ സമ്മാനിച്ചതാണെന്ന മറുപടിയാണ് മെത്രാൻ നൽകിയത്. മെഴുകുതിരിക്കാലുകൾ കൂടി കൊണ്ടുപോകാതിരുന്നത് എന്തുകൊണ്ടാണെന്ന് ചോദിച്ച് മെത്രാൻ അകത്തേക്ക് പോയി രണ്ട് മെഴുകുതിരിക്കാലുകൾ കൊണ്ടുവന്ന് അയാൾക്കു നൽകി. എന്റെ സഹോദരാ, തിന്മയ്ക്ക് നിങ്ങളുടെ മേൽ ഇനി അവകാശ

മില്ല എന്നു പറഞ്ഞ് മെത്രാൻ അയാളെ യാത്രയാക്കി. അദ്ഭുതവും സംശയവും കലർന്ന മനസ്സുമായി ഴാങ് വാൽ ഴാങ് നടന്നുനീങ്ങി. വിജനമായ ഒരു കാട്ടുവഴിയിൽ അയാൾ വിശ്രമിക്കാനിരുന്നു. ആ സമയം അതുവഴി വന്ന ഴെർവെയ് എന്ന കുട്ടിയുടെ കൈയിൽനിന്നു വീണുപോയ നാല്പതു സൂ നാണയം ഴാങ് വാൽ ഴാങിന്റെ കാൽക്കീഴിലേക്ക് ഉരുണ്ടുവന്നു. അയാൾ അറിയാതെ നാണയത്തിനു മുകളിൽ കാലെടുത്തുവയ്ക്കുന്നു. നാണയം ആവശ്യപ്പെട്ട കുട്ടിയോട് ഴാങ് വാൽ ഴാങ് ദേഷ്യപ്പെടുകയും അവൻ പേടിച്ച് കരഞ്ഞുകൊണ്ട് ഓടിപ്പോവുകയും ചെയ്തു. പിന്നീട് തന്റെ കാൽക്കീഴിൽ നാണയം കണ്ടെത്തിയ ഴാങ് വാൽ ഴാങ് അവനെ പിന്തുടർന്ന് ചെന്നെങ്കിലും കണ്ടെത്താനായില്ല. കുറ്റബോധംകൊണ്ട് നിന്നുപോയ ഴാങ് വാൽ ഴാങ് അതുവഴി വന്ന പുരോഹിതന്റെ കൈയിൽ പണമേൽപ്പിക്കാൻ തുനിഞ്ഞെങ്കിലും അയാൾ ദേഷ്യം കാണിച്ച് കുതിരയെ ഓടിച്ച് പോയി.

വർഷങ്ങൾക്കുശേഷം എം. പട്ടണത്തിൽ എത്തിച്ചേർന്ന ഒരു മനുഷ്യൻ ചെലവ് കുറഞ്ഞ ആഭരണനിർമാണരീതി ജനങ്ങൾക്ക് പരിചയപ്പെടുത്തുകയും തൊഴിൽശാലകൾ സ്ഥാപിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയുമുണ്ടായി. ജനങ്ങൾ സ്നേഹപൂർവം അയാളെ ഫാദർ മദലിയൻ എന്നു വിളിച്ചു. രണ്ടുവർഷം കൊണ്ട് അയാൾ ആറുലക്ഷത്തിമുപ്പതിനായിരം ഫ്രാങ്കിന് ഉടമയായി. ഒരിക്കൽ എം. പട്ടണത്തിലെ നിരത്തിലൂടെ നടന്നുപോയ മദലിയൻ, കുതിരവണ്ടിക്കടിയിൽപ്പെട്ട് മരണാസന്നനായി ആരാലും സഹായിക്കാനാവാതെ കിടക്കുന്ന ഫ്യൂഷൽ വാങ്ങിനെ തന്റെ അസാമാന്യമായ കരുത്തുപയോഗിച്ച് വണ്ടിക്കടിയിൽ നുഴഞ്ഞു കയറി രക്ഷപ്പെടുത്തി. ജനങ്ങൾ മദലിയനെ അഭിനന്ദിച്ചെങ്കിലും അവിടെയെത്തിയ എം. പട്ടണത്തിലെ പോലീസ് ഇൻസ്പെക്ടർ ഴാവേർ മദലിയനെ സംശയത്തോടെ വീക്ഷിക്കുകയും തുലോങ്ങിൽ ശിക്ഷാകാലാവധി കഴിയും വരെ തണ്ടുവലിച്ച ഒരാൾക്കു മാത്രമേ ഈ പ്രവൃത്തി ചെയ്യാനാവൂ എന്ന് പറയുകയും ചെയ്തു. അധികാരത്തോടുള്ള ബഹുമാനവും അതിക്രമത്തോടുള്ള വെറുപ്പുമായി കഴിയുന്ന നിയമപാലകനും കുറ്റവാളികളെ കണ്ടെത്താനുള്ള അസാമാന്യമായ കഴിവുള്ള വ്യക്തിയുമായിരുന്നു ഴാവേർ. അതുകൊണ്ടുതന്നെ ഴാവേറിന്റെ കഴുകൻകണ്ണുകൾ മേയർ മദലിയനെ പിന്തുടർന്നുകൊണ്ടിരുന്നു.

ഈ കാലയളവിലാണ് കാമുകനാൽ വഞ്ചിക്കപ്പെട്ട് ഒരു കുഞ്ഞിന് ജന്മം നൽകിയ ഫന്തീൻ എന്ന സുന്ദരിയായ യുവതി അഞ്ച് വയസ്സായ കൊസത്ത് എന്ന് പേരുള്ള തന്റെ കുഞ്ഞിനെ മോങ് ഫെർമിയയിലെ സത്രമുടമകളായ മാഡം തെനാർദിയരെയും ഭർത്താവിനെയും ഏൽപ്പിച്ച് എം. പട്ടണത്തിലെ ആഭരണനിർമാണശാലയിൽ ജോലിക്കെത്തിയത്. തെനാർദിയർമാർക്ക് ആദ്യമാദ്യം അവൾ കൃത്യമായി പണമയച്ചുകൊണ്ടിരുന്നു. പക്ഷേ, മാസം കഴിയുന്തോറും അവർ കൂടുതൽ പണം ആവശ്യപ്പെട്ടു. മേയർ മദലിയന്റെ ആഭരണനിർമാണശാലയിലെ മേൽനോട്ടക്കാരിയായ സ്ത്രീ അകാരണമായി ഫന്തീനിനെ ജോലിയിൽനിന്ന് പിരിച്ചുവിട്ടു. മേയറുടെ നിർദേശമനുസരിച്ചാണ് തന്നെ ജോലിയിൽനിന്ന് പിരിച്ചുവിട്ടതെന്ന് ധരിച്ച ഫന്തീൻ മേയറെ കുറ്റപ്പെടുത്തി. വീട്ടുവാടക നൽകാനും തെനാർദിയർക്ക് പണമയക്കാനും വകയില്ലാതായ ഫന്തീൻ ആദ്യം തന്റെ ഇടതൂർന്ന തലമുടിയും പിന്നീട് സുന്ദരമായ മുൻവരിപ്പല്ലും വിറ്റു. ഒടുവിൽ ലൈംഗിക തൊഴിലാളിയായി മാറിയ ഫന്തീനിനെ മദ്യശാലയിലുണ്ടായ ഒരു വഴക്കിന്റെ പേരിൽ ഇൻസ്പെക്ടർ ഴാവേർ അറസ്റ്റ് ചെയ്തു. അവിടെയെത്തിയ മേയറെ ഫന്തീൻ അപമാനിച്ചു. പക്ഷേ, മേയർ ഫന്തീനിന്റെ അറസ്റ്റ് ഒഴിവാക്കുകയും അത്യധികം ക്ഷീണിതയായ

അവളെ സ്വന്തം ഭവനത്തിൽ കൊണ്ടുപോയി ശുശ്രൂഷിക്കുകയും ചെയ്തു. ഫന്തീന്റെ ജീവിതകഥ അറിഞ്ഞ മേയർ കൊസത്തിനെ കൊണ്ടുവരാമെന്ന് അവൾക്ക് ഉറപ്പു നൽകി.

ഇതിനിടയിൽ മേയർ മദലിയൻ ഴാങ് വാൽ ഴാങ് എന്ന തടവുപുള്ളിയാണെന്നും ഴെർവെയ് കുട്ടിയുടെ കൈയിൽനിന്ന് 40 സൂ തട്ടിയെടുത്ത കുറ്റവാളിയാണെന്നും കണ്ടെത്തി പാരീസിലെ പോലീസ് മേധാവിക്ക് ഴാവേർ അറിവു കൊടുത്തു. എന്നാൽ ഷാങ് മാത്തിയോ എന്ന മനുഷ്യനാണ് യഥാർഥ ഴാങ് വാൽ ഴാങ് എന്നും അയാളെ അറസ്റ്റ് ചെയ്തിരിക്കുന്നു എന്നും ഴാവേറിന് പാരീസിൽനിന്ന് അറിയിപ്പു ലഭിക്കുകയുണ്ടായി. മേലുദ്യോഗസ്ഥനെ തെറ്റിദ്ധരിക്കുകയും കൃത്യവിലോപം കാട്ടുകയും ചെയ്തതിന്റെ പേരിൽ തന്നെ ജോലിയിൽനിന്ന് നീക്കം ചെയ്യണമെന്ന് ഴാവേർ മേയറോട് അഭ്യർഥിച്ചു. മേയറാവട്ടെ, അദ്ഭുതവും പരിഭ്രമവും വെളിപ്പെടുത്താതെ ഴാവേറിനെ തിരിച്ചയച്ചു. തനിക്കു പകരം നിരപരാധിയായ ഒരു മനുഷ്യൻ ശിക്ഷിക്കപ്പെടാൻ പോകുന്ന എന്നറിഞ്ഞ മേയർ സമ്മർദ്ദത്തിലായി. ഒടുവിൽ കുതിരവണ്ടി വാടകയ്ക്കെടുത്ത് പുലർകാലത്ത് മേയർ വിചാരണ നടക്കുന്ന ആറായിലേക്കു പോയി. കോടതിയിൽ ഷാങ് മാത്തിയോവിനെ കുറ്റക്കാരനായി വിധി കല്പിക്കുന്ന മുഹൂർത്തത്തിൽ കടന്നുചെന്ന മേയർ താനാണ് യഥാർഥ ഴാങ് വാൽ ഴാങ് എന്ന് പറയുന്നു. ജഡ്ജിയും മറ്റുള്ളവരും അദ്ഭുതത്തോടെ നോക്കിനിന്നെങ്കിലും ആരും അത് വിശ്വസിച്ചില്ല. ഒടുവിൽ കോടതിയിൽ ഹാജരാക്കിയ സാക്ഷികളെ മേയർ തിരിച്ചറിയുകയും തുലോങ്ങിൽ തന്റെ ഒപ്പമുണ്ടായിരുന്നപ്പോൾ നടന്ന സംഭവങ്ങളോരോന്നും വിവരിക്കുകയും ചെയ്തു. മേയർക്ക് മനോവിഭ്രമം സംഭവിച്ചു എന്നു വിലയിരുത്തിയ കോടതിയോട് തനിക്കു തെറ്റുപറ്റിയിട്ടില്ലെന്നും താൻ വീട്ടിലുണ്ടാവുമെന്നും കോടതിക്കു തോന്നുന്ന പക്ഷം തന്നെ അറസ്റ്റ് ചെയ്യാമെന്നും പറഞ്ഞ് മേയർ എം.പട്ടണത്തിലേക്ക് തിരിച്ചു.

വീട്ടിൽ തിരിച്ചെത്തിയ മേയറോട് മരണാസന്നയായ ഫന്തീൻ കൊസത്തിനെ കാണാൻ ആഗ്രഹം പ്രകടിപ്പിച്ചു. ഈ സമയം കോടതിനിർദേശമനുസരിച്ച് എത്തിയ ഴാവേർ മേയറോട് അതുവരെയുണ്ടായിരുന്ന ബഹുമാനവും ആദരവും ഉപേക്ഷിച്ച് തികഞ്ഞ നിയമപാലകനായി മേയറെ ബലമായി പിടികൂടി. മേയർക്കു വന്നുപെട്ട ദുരവസ്ഥയിൽ മനോനില തെറ്റിയ ഫന്തീൻ രോഗാധിക്യം നിമിത്തം മരിച്ചുവീഴുന്നു. ഫന്തീന്റെ നെറ്റിയിൽ അന്ത്യചുംബനമർപ്പിച്ച് മേയർ ഒരു നിമിഷം നിന്നു.

ഇൻസ്പെക്ടർ ഴാവേർ ഴാങ് വാൽ ഴാങ്ങിനെ പട്ടണത്തിലെ ജയിലിലേക്കു കൊണ്ടുപോയി. എം.പട്ടണത്തിലെ പ്രമാദമായ ഈ സംഭവത്തിനുശേഷം 1796 ൽ കൊള്ള നടത്തിയതിന് ശിക്ഷിക്കപ്പെട്ട ഴാങ് വാൽ ഴാങ് എന്ന കുറ്റവാളിയാണ് മേയർ മദലിയൻ എന്ന വാർത്ത നാടാകെ പരന്നു. മേയർ മദലിയന്റെ അറസ്റ്റോടെ എം.പട്ടണം നാഥനില്ലാത്ത ഇടമാവുകയും ജനങ്ങൾ ദാരിദ്ര്യത്തിലേക്ക് വഴുതിവീഴുകയും ചെയ്തു. കാലക്രമേണ മേയർ മദലിയൻ എന്ന പേര് ഒരു മഞ്ഞുകണം പോലെ അലിഞ്ഞില്ലാതായി.

അൽപ്പകാലം കഴിഞ്ഞ് പത്രത്തിൽ ഒരു വാർത്ത വന്നു. 1823 ൽ ഒക്ടോബർ അവസാനം ഓറിയോങ് കപ്പലിലെ ജോലിക്കിടയിൽ പായ്മരത്തിൽ നിന്ന് കടലിലേക്കു വീഴാൻപോയ ഒരു ജോലിക്കാരനെ കുറ്റവാളിയായ ഒരു മനുഷ്യൻ അദ്ഭുതകരമായി രക്ഷപ്പെടുത്തുകയും പായ്മരത്തിനടിയിൽ നിന്ന് താഴേക്കിറങ്ങുമ്പോൾ രക്ഷപ്പെടുത്തിയ ആൾ കടലിൽ വീണു മരിക്കുകയും ചെയ്തു. അയാളുടെ പേര് ഴാങ് വാൽ ഴാങ് എന്നായിരുന്നു.

കപ്പലിലെ പായ്മരത്തിൽനിന്ന് അതിവിദഗ്ധമായി കടലിലേക്ക് ചാടിയത് ഴാങ് വാൽ ഴാങ് തന്നെയായിരുന്നു. ആരും കാണാതെ രക്ഷപ്പെട്ട അയാൾ മോങ് ഫെർമിയയിലെത്തി. തെനാർദിയരുടെ രണ്ട് പെൺകുട്ടികൾക്കിടയിൽ ശാരീരികവും മാനസികവുമായ പീഡനങ്ങൾ സഹിച്ച് കഴിയുന്ന കൊസത്തിനെ തെനാർദിയർ ആവശ്യപ്പെട്ട പണം നൽകി ഴാങ് വാൽ ഴാങ് രക്ഷിച്ചു കൊണ്ടുപോകുന്നു. കൂടുതൽ പണം ആവശ്യപ്പെട്ട് ഴാങ് വാൽ ഴാങിനെ പിന്തുടർന്നെങ്കിലും അയാളുടെ കരുത്തിനു മുമ്പിൽ തെനാർദിയർ പിൻവാങ്ങുന്നു. കൊസത്തിനെ കൊണ്ടുപോയ ആ മനുഷ്യനോട് തെനാർദിയർക്ക് പകയുണ്ടാകുന്നു. എട്ടുവയസ്സായ കൊസത്തിനെയും കൊണ്ട് ഴാങ് വാൽ ഴാങ് ഗോർബോ വീട്ടിൽ താമസമാരംഭിക്കുന്നു. പക്ഷേ, ഇൻസ്പെക്ടർ ഴാവേർ ഴാങ് വാൽ ഴാങിനെ കണ്ടെത്തുന്നു. ഴാങ് വാൽ ഴാങ് കൊസത്തിനെയുംകൊണ്ട് അതിവിദഗ്ധമായി രക്ഷപ്പെട്ട് പെത്തി പിക്പ്യൂവിലെ കന്യാസ്ത്രീമഠത്തിലെത്തിച്ചേർന്നു. എം. പട്ടണത്തിലെ മേയറായിരുന്ന കാലത്ത് കുതിരവണ്ടിക്കടിയിൽനിന്ന് രക്ഷപ്പെടുത്തിയ ഫൂഷൽ വാങ് എന്ന വൃദ്ധൻ ഴാങ് വാൽ ഴാങിനെ മഠാധ്യക്ഷയുടെ അനുവാദത്തോടെ കന്യാസ്ത്രീമഠത്തിൽ ജോലിക്കാരനായി താമസിപ്പിച്ചു. കൊസത്ത് കന്യാസ്ത്രീമഠത്തിലെ പള്ളിക്കൂടത്തിൽ വിദ്യാഭ്യാസം നേടുന്നു. ഫൂഷൽ വാങിന്റെ മരണത്തോടെ ഴാങ് വാൽ ഴാങ് കൊസത്തിനെയും കൊണ്ട് കന്യാസ്ത്രീമഠം വിട്ടുപോയി.

ഫ്രഞ്ചുരാജവാഴ്ചക്കാലത്ത് വാർധക്യത്തിലെത്തി നിൽക്കുന്ന ഗിൽനോർമൻ എന്ന ജൻമിയുടെ പേരക്കുട്ടിയായ 18 വയസ്സുകാരനും നിയമവിദ്യാർഥിയുമായ മരിയൂസ് സൈനികനായ തന്റെ അച്ഛൻ പോങ് മെർസിയെ അപമാനിച്ച് തന്നിൽ നിന്നകറ്റിയതിന്റെ പേരിൽ മുത്തച്ഛനുമായി പിണങ്ങി ഗോർബോ വീട്ടിൽ വാടകയ്ക്ക് താമസിക്കുകയായിരുന്നു. തെനാർദിയർ യുദ്ധഭൂമിയിൽ വച്ച് തന്റെ ജീവൻ രക്ഷിച്ച വലിയ മനുഷ്യനാണെന്നും അയാൾക്ക് പ്രത്യുപകാരം ചെയ്യണമെന്നും പോങ് മെർസി തന്റെ മരണത്തിനുമുമ്പ് മരിയൂസിന് കത്തെഴുതി. മരിയൂസ് അച്ഛന്റെ വാക്കുപാലിക്കാൻ തെനാർദിയറെ അന്വേഷിച്ചുകൊണ്ടിരുന്നു.

രാജഭക്തന്റെയും കുലീനന്റെയും കുപ്പായം ഊരിക്കളഞ്ഞ മരിയൂസ് രാജവാഴ്ചയ്ക്കെതിരെ പൊരുതുന്ന യുവാക്കളുടെ സംഘടനയായ എ.ബി.സി സൊസൈറ്റിയിലെ സുഹൃത്തുക്കളോടൊപ്പം ചേർന്നു. ജീവിതത്തിന്റെ കടുത്ത യാഥാർഥ്യങ്ങളിലൂടെ കടന്നുപോയ മരിയൂസ് ദരിദ്രനായി ഗോർബോ വീട്ടിൽ വാടകക്കാരനായി കഴിഞ്ഞുകൂടി. തൊട്ടടുത്ത മുറിയിൽ ദരിദ്രരായി ഴൊൻദ്രെത്തും ഭാര്യയും രണ്ട് പെൺമക്കളും വാടകയ്ക്ക് താമസിച്ചിരുന്നു. പ്രതിസന്ധികളെ സ്വപ്രയത്നം കൊണ്ട് അതിജീവിച്ച മരിയൂസ് വക്കീൽപഠനം പൂർത്തിയാക്കി. അയൽമുറിയിൽ താമസിക്കുന്ന ഴൊൻദ്രെത്തിന്റെ മൂത്തമകൾ എപ്പോണൈൻ സഹായം തേടി മരിയൂസിന്റെ മുറിയിലെത്തുന്നു. മരിയൂസ് അവൾക്ക് പണം നൽകുന്നു.

ഗോർബോ വീട്ടിൽ താമസിക്കുന്ന കാലത്താണ് ലക്സംബൂറിലെ ഉദ്യാനത്തിൽവച്ച് മരിയൂസ് സുന്ദരിയായ ഒരു പെൺകുട്ടിയെ കണ്ടുമുട്ടുകയും പ്രണയത്തിലാവുകയും ചെയ്യുന്നത്. പെൺകുട്ടിയുടെ കൂടെയുണ്ടായിരുന്ന ലബ്ലാങ് എന്ന വൃദ്ധനെ അയാൾ ശ്രദ്ധിക്കാനും തുടങ്ങി. മരിയൂസ് പെൺകുട്ടിയെ പിന്തുടരുന്നത് മനസ്സിലാക്കിയ ലബ്ലാങ് വളരെ വൈകാതെ ലക്സംബൂറിലേക്കുള്ള വരവ് നിർത്തി. തന്റെ പ്രണയഭാജനത്തെ നഷ്ടപ്പെട്ടതറിഞ്ഞ മരിയൂസ് ദുഃഖിതനായി.

ഒരു ദിവസം മരിയൂസ് ചുമരിലെ ദ്വാരത്തിലൂടെ തൊട്ടടുത്ത മുറിയിലേക്ക് ഒളിഞ്ഞുനോക്കി. ഴെൻദ്രെത്തും കുടുംബവും ഏതോ ഒരു ധനികനെ കാത്തിരിക്കുന്നതായി മരിയൂസ് മനസ്സിലാക്കി. ഴെൻദ്രെത്തിന്റെ മുറിയിലേക്കു കടന്നുവന്ന ലബ്ലാങ് എന്ന വൃദ്ധനെ മരിയൂസ് തിരിച്ചറിയുന്നു. കൂടെ വന്ന പെൺകുട്ടിയെ കണ്ട് മരിയൂസിന് അദ്ഭുതവും ആഹ്ലാദവുമുണ്ടായി. അത് അയാളുടെ പ്രേമഭാജനമായിരുന്നു. ഴെൻദ്രെത്തിന് ഉപഹാരങ്ങൾ നൽകി തിരിച്ചുപോയ പെൺകുട്ടിയെ പിന്തുടരാൻ ശ്രമിച്ചെങ്കിലും കുതിരവണ്ടിക്കാരന് വാടക നൽകാൻ പണം തികയാത്തതിനാൽ മരിയൂസ് മുറിയിലേക്കു മടങ്ങുന്നു. വീണ്ടും ഴെൻദ്രെത്തിന്റെ മുറിയിലേക്കു നോക്കിയ മരിയൂസ് ഒരു സത്യം തിരിച്ചറിയുന്നു; ഴെൻദ്രെത്തും ഭാര്യയും വൃദ്ധനെ ബന്ദിയാക്കി പണം ആവശ്യപ്പെടാൻ പോകുന്നു. സഹായത്തിനായി പാരീസിലെ ഇരുട്ടിന്റെ സന്തതികൾ എന്നു വിളിക്കുന്ന ഗൂഢസംഘത്തിന്റെ സഹായം തേടിയിരിക്കുന്നു. മോങ് ഫെർമിയയിലെ സത്രത്തിൽ നിന്ന് കൊസത്തിനെ കൂട്ടിക്കൊണ്ടുപോയ മനുഷ്യനാണ് ലബ്ലാങ് എന്ന പേരിൽ എത്തിയിരിക്കുന്നതെന്ന് ഴെൻദ്രെത്ത് തിരിച്ചറിഞ്ഞിരിക്കുന്നു. അയാളോടുള്ള പകയാണ് ലംബ്ലാങിനെ കുരുക്കാൻ ഴെൻദ്രെത്തിനെ പ്രേരിപ്പിച്ചത്. ലബ്ലാങിന്റെ വാക്കിൽ നിന്ന് ഴെൻദ്രെത്ത് തെനാർദിയറാണെന്നു മനസ്സിലാക്കിയ മരിയൂസ് ധർമസങ്കടത്തിലാവുന്നു. മരിയൂസ് തന്റെ പ്രണയഭാജനത്തെയും ലബ്ലാങ് എന്ന വൃദ്ധനെയും രക്ഷിക്കണമെന്ന ആഗ്രഹത്തോടെ ഴാവേർ എന്ന പോലീസുദ്യോഗസ്ഥന്റെ സഹായം തേടി. മരിയൂസിന്റെ ഇടപെടൽകൊണ്ട് ഗൂഢാലോചന തകർക്കുകയും ഗൂഢസംഘത്തെ ഴാവേർ അറസ്റ്റുചെയ്യുകയും ചെയ്തു. പക്ഷേ, ലബ്ലാങ് എന്ന വൃദ്ധൻ ഴാവേറിന്റെ കണ്ണിൽപ്പെടാതെ അദ്ഭുതകരമായി രക്ഷപ്പെട്ടു. ലബ്ലാങ് ഴാങ് വാൽ ഴാങും കൂടെയുണ്ടായിരുന്ന പെൺകുട്ടി കൊസത്തുമായിരുന്നു.

ഗോർബോവീട്ടിലെ ഏറ്റുമുട്ടലിനുശേഷം മരിയൂസ് അവിടെ താമസിച്ചില്ല. അയാളുടെ മനസ്സിൽ പല സംശയങ്ങളുമുണ്ടായി. എന്തുകൊണ്ടാണ് ഇരയായിട്ടും ലബ്ലാങ് ഴാങ് വേറിന്റെ കണ്ണിൽപ്പെടാതെ രക്ഷപ്പെട്ടത്? ലബ്ലാങിന്റെ കൂടെ വന്ന തന്റെ പ്രേമഭാജനം ലബ്ലാങിന്റെ ആരാണ്?

ഗോർബോ വീട്ടിലെ ഗൂഢാലോചനക്കേസിൽ ഗൂഢസംഘത്തെയും ഴെൻദ്രെത്തിനെയും ഭാര്യയെയും കഠിനതടവിന് ശിക്ഷിക്കുന്നു. മകൾ എപ്പോണൈനിനെ വെറുതെ വിടുന്നു.

ഗോർബോവീട്ടിൽ വച്ച് ഴെൻദ്രെത്തിന്റെ മകൾ എപ്പോണൈനിന് നൽകിയ സഹായത്തിന്റെ പേരിൽ മരിയൂസിന്റെ പ്രേമഭാജനത്തെ കണ്ടുപിടിച്ചുകൊടുക്കാമെന്ന് എപ്പോണൈൻ ഉറപ്പു നൽകിയിരുന്നു. എപ്പോണൈൻ ഒരു ദിവസം മരിയൂസിന് പ്രിയതമയുടെ വിലാസം കൈമാറുന്നു. റ്യൂ പ്ലൂമെ എന്ന വീട്ടിൽ ലബ്ലാങ്ങിനൊപ്പം താമസിക്കുന്ന പ്രിയതമയെ മരിയൂസ് കണ്ടെത്തുകയും അവർ പരസ്പരം ഹൃദയം കൈമാറുകയും ചെയ്യുന്നു. തന്റെ പേര് കൊസത്ത് എന്നാണെന്ന് അവൾ മരിയൂസിനോടു പറയുന്നു.

പെത്തി പിക് പ്യൂവിലെ കന്യാസ്ത്രീമഠത്തിൽനിന്ന് കൊസത്തിനെയും കൊണ്ടു പുറം ലോകത്തെത്തിയ ഴാങ് വാൽ ഴാങ് അവൾക്കുവേണ്ടി മാത്രമാണ് ജീവിച്ചത്. കൊസത്ത് ഇല്ലാത്ത ഒരു ജീവിതത്തെക്കുറിച്ച് ഴാങ് വാൽ ഴാങിന് ചിന്തിക്കാൻ കഴിയുമായിരുന്നില്ല. അവളുടെ അമ്മയായ ഫന്തീനിനെക്കുറിച്ചുപോലും ഴാങ് വാൽ ഴാങ് അവളോട് പറഞ്ഞിരുന്നില്ല. കൊസത്തിന്റെ മനസ്സിലേക്ക് അവളുടെ അവകാശിയായി മൂന്നാമതൊരാളെ കാണിച്ചുകൊടുക്കുന്നതുപോലും അയാൾ ഭയപ്പെട്ടു.

കൊസത്തിനെ വിവാഹംകഴിക്കാനുള്ള ആഗ്രഹവുമായി മരിയൂസ് മുത്തച്ഛനായ ഗിൽനോർമനെ ചെന്നു കണ്ടു. പക്ഷേ, ഗിൽനോർമൻ മരിയൂസിനെ അപമാനിച്ചുവിട്ടു. അപമാനവും പേറി കൊസത്തിനെ കാണാൻ പോയെങ്കിലും മരിയൂസും കൊസത്തും തമ്മിലുള്ള പ്രണയം തിരിച്ചറിഞ്ഞ ഴാങ് വാൽ ഴാങ് അവളെയും കൊണ്ട് റ്യൂ പ്ലുമെ വിട്ടുപോകുന്നു.

കൊസത്ത് നഷ്ടപ്പെട്ടതറിഞ്ഞ് മരിയൂസ് മരിക്കാൻ തീരുമാനിക്കുന്നു. ഈ ഘട്ടത്തിലാണ് 1832 ൽ ഫ്രഞ്ച് രാജവാഴ്ചയ്ക്കെതിരെ എ ബി സി സൊസൈറ്റിയിലെ യുവാക്കളുടെ നേതൃത്വത്തിൽ കലാപം ആരംഭിക്കുന്നത്. പാരീസ് നഗരം അക്ഷരാർഥത്തിൽ യുദ്ധഭൂമി യായി മാറി. ആൻഷൊൽര, കൂർഫരാഗ് എന്നിവരായിരുന്നു നേതാക്കൾ. റ്യൂദ് ല ഷങ് വ്രെറിയിലെ മാർഗതടസ്സത്തിലിരുന്നാണ് അവർ പൊരുതിയത്. മരിക്കാൻ തീരുമാനിച്ച മരിയൂസ് പോരാളികൾക്കിടയിൽ എത്തിച്ചേരുന്നു. അക്കൂട്ടത്തിൽ രഹസ്യമായി എത്തി ച്ചേർന്ന ഴാവേർ എന്ന പോലീസുദ്യോഗസ്ഥനെ വിപ്ലവകാരികൾ ബന്ദിയാക്കുന്നു.

മരിയൂസിനോട് ഉള്ളിൽ സ്നേഹം സൂക്ഷിച്ചിരുന്ന എപ്പൊണൈൻ കൊസത്തിന്റെ കത്തു മായി മാർഗതടസ്സത്തിലെത്തുന്നു. പട്ടാളവുമായുള്ള ഏറ്റുമുട്ടലിനിടയിൽ എപ്പോണൈൻ മരിയൂസിന്റെ ജീവൻ രക്ഷിക്കുകയും കൊസത്തിന്റെ കത്ത് മരിയൂസിന് നൽകി മരിച്ചു വീഴുകയും ചെയ്തു. കൊസത്തിനെ കണ്ടെത്താനുള്ള വഴി തെളിഞ്ഞപ്പോൾ ഗവ്രോഷ് എന്ന കുട്ടിയുടെ വശം മരിയൂസ് എഴുത്തു കൊടുത്തയക്കുന്നു. എന്നാൽ മരിയൂസിന്റെ കത്ത് ഴാങ് വാൽ ഴാങിന്റെ കൈയിലെത്തിച്ചേരുന്നു. മരിയൂസിനെ ഇല്ലാതാക്കുക എന്ന ലക്ഷ്യവുമായി ഴാങ് വാൽ ഴാങ് വിപ്ലവകാരികൾക്കിടയിൽ എത്തിച്ചേരുകയും അവർ ബന്ദിയാക്കിയ ഴാവേറിനെ തിരിച്ചറിയുകയും ചെയ്യുന്നു. പോരാട്ടത്തിനിടയിൽ ആൻഷൊൽര ഴാവേറിനെ കൊന്നുകളയാൻ തുനിഞ്ഞപ്പോൾ ഴാങ് വാൽ ഴാങ് അതേ റ്റെടുക്കുകയും ആരും കാണാതെ ഴാവേറിനെ വെറുതെ വിടുകയും ചെയ്തു. പട്ടാളം വിപ്ലവകാരികളെ അടിച്ചമർത്തി. ആൻഷൊൽര ഉൾപ്പെടെയുള്ള നേതാക്കളും ഗവ്രേഷ് എന്ന ബാലനും കൊലചെയ്യപ്പെട്ടു.

പോരാട്ടത്തിനിടയിൽ ഗുരുതരമായി പരിക്കേറ്റ മരിയൂസിനെയും ചുമന്ന് ഴാങ് വാൽ ഴാങ് അതിസാഹസികമായി പാരീസിലെ ഏറ്റവും അപകടകരമായ ഓവുചാലുകൾക്കിടയി ലൂടെ സഞ്ചരിച്ച് സെയിൻ നദീതീരത്തേക്കു കടക്കുന്ന അഴിവാതിലിന്റെ അരികിലെത്തു ന്നു. മരിയൂസിനെയും ചുമന്നെത്തിയ ഴാങ് വാൽ ഴാങിനെ ഒരാൾ തടഞ്ഞുനിർത്തുന്നു. അത് ഗോർബോ വീട്ടിലെ ഗൂഢാലോചനക്കേസിൽ അറസ്റ്റിലായ ഴെൻദ്രെത്ത് എന്ന കൗശലക്കാരനായിരുന്നു. തോളിലേറ്റിയ യുവാവിനെ കൊന്ന് ധനം അപഹരിച്ച് ഉപേ ക്ഷിക്കാൻ ശ്രമിക്കുകയാണെന്നു കരുതിയ ഴെൻദ്രെത്ത് പണം ആവശ്യപ്പെട്ടു. ചളിയിൽ കുളിച്ചതിനാൽ ഴാങ് വാൽ ഴാങിനെ ഴെൻദ്രെത്ത് തിരിച്ചറിഞ്ഞില്ല. യുവാവിന്റെ കോട്ടിന്റെ ഒരു കഷണം ഴെൻദ്രെത്ത് വിദഗ്ധമായി കീറിയെടുക്കുകയും ഴാങ് വാൽ ഴാങ് നൽകിയ പണം വാങ്ങി അയാളെ പുറത്തുകടക്കാൻ അനുവദിക്കുകയും ചെയ്തു. പക്ഷേ, മരിയൂ സിനെയും കൊണ്ട് പുറത്തുകടന്ന ഴാങ് വാൽ ഴാങ് ഴെൻദ്രെത്തിനെ പിന്തുടർന്നെ ത്തിയ ഴാവേറിന്റെ മുന്നിൽപ്പെട്ടു. മരിയൂസിന്റെ പോക്കറ്റിൽക്കിടന്ന വിലാസത്തിൽ അയാളെ വീട്ടിലെത്തിക്കാൻ സഹായിക്കണമെന്നും അതിനുശേഷം തന്നെ അറസ്റ്റുചെ യ്യാമെന്നും ഴാങ് വാൽ ഴാങ് പറഞ്ഞു.

നിയമത്തിന്റെ വഴിയിൽ സൗജന്യം അനുവദിക്കാത്ത ഴാവേർ മരിയൂസിനെ വീട്ടിലെത്തിക്കാൻ സഹായിച്ചു. ഴാവേർ മരിയൂസിനെ ഗിൽനോർമന്റെ വീട്ടിലെത്തിച്ച് ഴാങ് വാൽ ഴാങിനൊപ്പം യാത്രയാകുന്നു. റ്യൂദ്‌ലോം അർമെയിലെ വീട്ടിൽക്കയറി കൊസത്തിനോട് വിവരം പറയാൻ അനുവാദം നൽകണമെന്ന് അഭ്യർഥിച്ചപ്പോൾ ഴാവേർ സമ്മതം മൂളി. മുകളിലേക്ക് കയറിപ്പോയ ഴാങ് വാൽ ഴാങ് പുറത്തേക്കു നോക്കിയപ്പോൾ ഴാവേർ അപ്രത്യക്ഷനായിരുന്നു. കുറ്റവാളിയുടെ ഔദാര്യംകൊണ്ട് രക്ഷപ്പെട്ടവനെന്നും കുറ്റവാളിയെ വെറുതെ വിട്ടവനെന്നുമുള്ള ആത്മസംഘർഷത്തിനൊടുവിൽ ഴാവേർ സെയിൻ നദിയുടെ ആഴങ്ങളിലേക്ക് സ്വയം എടുത്തുചാടി മരണം വരിച്ചു.

മരിയൂസിനെ തിരിച്ചുകിട്ടിയ സന്തോഷത്തിൽ ഗിൽനോർമൻ മരിയൂസിനെ ശുശ്രൂഷിക്കുകയും സ്നേഹം കൊണ്ട് പൊതിയുകയും ചെയ്തു. മരണത്തെ അതിജീവിച്ച മരിയൂസ് തന്റെ രക്ഷകനെ അന്വേഷിച്ചുകൊണ്ടിരുന്നു. മരിയൂസിന്റെ ആഗ്രഹമനുസരിച്ച് കൊസത്തിനെ കണ്ടെത്തി വിവാഹാഭ്യർഥന നടത്തി. ഴാങ് വാൽ ഴാങ് കൊസത്തിന്റെ ആഗ്രഹത്തെ അംഗീകരിച്ചതോടെ വിവാഹത്തിനും സമ്മതം നൽകുന്നു. തന്റെ സമ്പാദ്യമായ ആറുലക്ഷം ഫ്രാങ്ക് കൊസത്തിന് സമ്മാനമായി നൽകി. അതാകട്ടെ ഴാങ് വാൽ ഴാങ് അറസ്റ്റിലാകുന്നതിനുമുമ്പ് ലഫീത്തിന്റെ ബാങ്കിൽനിന്ന് പിൻവലിച്ച് കാട്ടുപ്രദേശത്ത് പെട്ടിയിലാക്കി കുഴിച്ചിട്ടതായിരുന്നു.

മരിയൂസിന്റെയും കൊസത്തിന്റെയും വിവാഹത്തിനുശേഷം ഴാങ് വാൽ ഴാങ് ഒരു ദിവസം മരിയൂസിനെ ചെന്നുകണ്ട് തന്റെ പൂർവചരിത്രം പറയുന്നു. കുറ്റവാളിയായ ഴാങ് വാൽ ഴാങ് മദലിയന്റെ പണം അപഹരിച്ചതാണെന്ന് തെറ്റിദ്ധരിച്ച മരിയൂസ് അയാളെ വെറുത്തു. കൊസത്തിനെ മനപ്പൂർവം ഴാങ് വാൽ ഴാങിൽ നിന്ന് അകറ്റുകയും ചെയ്തു. വിവാഹത്തിന്റെ ആദ്യാനുഭൂതിയിൽ മുഴുകിയ കൊസത്തും ഴാങ് വാൽ ഴാങിനെ മറന്നു തുടങ്ങി. കൊസത്ത് എന്നന്നേക്കുമായി തനിക്കു നഷ്ടപ്പെടുന്നു എന്നു തിരിച്ചറിഞ്ഞ ഴാങ് വാൽ ഴാങ് ശാരീരികമായും മാനസികമായും തകർന്ന് അത്യധികം അവശനായി വീട്ടിൽ നിന്ന് പുറത്തിറങ്ങാതെ കഴിച്ചുകൂട്ടി.

ഴെൻദ്രെത്ത് ഒരു ദിവസം മരിയൂസിന്റെ വീട്ടിലെത്തി, ഴാങ് വാൽ ഴാങ് കുറ്റവാളിയാണെന്നും ഒരു യുവാവിനെ കൊന്ന് പണമപഹരിച്ച് ഓവുചാലുകൾ താണ്ടി നദിയിലൊഴുക്കാൻ ശ്രമിച്ചെന്നും വഞ്ചകനായ അയാളാണ് മരിയൂസിന്റെ കുടുംബത്തിലുള്ളതെന്നും പറയുന്നു. തെളിവായി യുവാവിന്റെ കോട്ടിൽ നിന്ന് കീറിയെടുത്ത ഭാഗം ഴെൻദ്രെത്ത് മരിയൂസിനെ കാണിച്ചു. അത് തന്റെ കോട്ടിന്റെ കീറിയ ഭാഗമാണെന്ന് മരിയൂസ് തിരിച്ചറിഞ്ഞു. ഴാങ് വാൽ ഴാങിനെ കൊലയാളിയായി ചിത്രീകരിക്കുന്ന ഴെൻദ്രെത്ത് എന്ന വഞ്ചകൻ തെനാർദിയറാണെന്ന് മനസ്സിലാക്കിയ മരിയൂസ് കോപാകുലനാകുന്നു. അച്ഛന്റെ വാക്കുകളോർത്തതുകൊണ്ടു മാത്രം അയാൾക്ക് പണം നൽകുകയും അമേരിക്കയിലേക്ക് നാടുവിട്ടുപോകാൻ കല്പിക്കുകയും ചെയ്തു.

ഴാങ് വാൽ ഴാങാണ് തന്റെ രക്ഷകനെന്ന് തിരിച്ചറിയുകയും അയാളുടെ മഹത്ത്വം മനസ്സിലാക്കുകയും ചെയ്ത മരിയൂസ് കുറ്റബോധത്തോടെ കൊസത്തിനെയും കൂട്ടി ഴാങ് വാൽ ഴാങിനെ കാണാനെത്തുന്നു. കൊസത്തിനെ അവസാനമായി ഒരു നോക്കു കാണാനാഗ്രഹിച്ച ഴാങ് വാൽ ഴാങ് കൊസത്തിനെയും മരിയൂസിനെയും കണ്ട് കണ്ണീരണിഞ്ഞു. കൊസത്തിനു നൽകിയ ആറുലക്ഷം ഫ്രാങ്ക് സ്വയം അധ്വാനിച്ചുണ്ടാക്കിയതാണെന്നും അതുകൊണ്ട് സന്തോഷത്തോടെ ജീവിക്കണമെന്നും അഭ്യർഥിക്കുന്നു. മോങ്

ഫെർമിയയിൽനിന്ന് കൊസത്തിനെ കൂട്ടിക്കൊണ്ടുവന്ന കഥയും അവളുടെ അമ്മയായ ഫന്തീൻ അനുഭവിച്ച വേദനയും വിറയാർന്ന സ്വരത്തിൽ പങ്കുവച്ചുകൊണ്ട് പരസ്പരം സ്നേഹിക്കാൻ പറഞ്ഞ് ഴാങ് വാൽ ഴാങ് എന്നന്നേക്കുമായി കണ്ണടച്ചു.

## പാഠാവതരണം

സംഘങ്ങളിൽ നോവൽ സംഗ്രഹത്തിന്റെ ഫോട്ടോകോപ്പി നൽകുന്നു. സംഗ്രഹം വായിച്ച് കഥാപാത്രങ്ങളെ ലിസ്റ്റ് ചെയ്യുന്നു. ഴാങ് വാൽ ഴാങ്, മെത്രാൻ എന്നീ കഥാപാത്രങ്ങളെ കഥാപാത്രസ്വഭാവ സവിശേഷതകൾ അനുസരിച്ച് മനോഹരമായ ഒറ്റവാചകത്തിൽ എഴുതാൻ നിർദേശിക്കുന്നു. (വ്യക്തിഗതം) നാല്/അഞ്ച് പേരുള്ള ഗ്രൂപ്പിൽ അവതരിപ്പിച്ച് മികച്ചവ കണ്ടെത്തുന്നു. കഥാപാത്ര സവിശേഷതകൾ ക്രോഡീകരിക്കുന്നു.

പ്രധാന കഥാപാത്രങ്ങളെ എപ്രകാരമാണ് അവതരിപ്പിച്ചിരിക്കുന്നത്?

തുടർന്ന് കുട്ടികൾ പാഠഭാഗം വ്യക്തിഗതമായി വായിക്കുന്നു. കഥാപാത്രസവിശേഷതകൾ കണ്ടെത്തുന്നു.

ചർച്ചാസൂചകങ്ങൾ സ്ലൈഡ് പ്രദർശിപ്പിക്കുന്നു.

- കഥാപാത്രങ്ങൾ ആരൊക്കെ?
- കഥാപാത്രങ്ങളുടെ ജീവിതാവസ്ഥ
- കഥാപാത്രങ്ങളുടെ ജീവിതവീക്ഷണം, മനോഭാവം
- നോവൽഭാഗം തരുന്ന തിരിച്ചറിവുകൾ
- സാമൂഹികപ്രസക്തി

ഗ്രൂപ്പിൽ ചർച്ച. കുറിപ്പുകൾ കൈമാറി വായിക്കുന്നു. മികച്ചവ അവതരിപ്പിക്കുന്നു.

## പ്രയോഗസവിശേഷതകൾ കണ്ടെത്താം

- "ഉപ്പുകൊണ്ടുള്ള ഒരു പ്രതിമപോലെ അയാൾ നിന്നേടത്തുതന്നെ മിഴിച്ചുകൊണ്ടു നിന്നു."

  ഈ വാക്യത്തിൽ തെളിയുന്ന ഴാങ് വാൽ ഴാങ്ങിന്റെ ജീവിതാവസ്ഥയും മാനസികാവസ്ഥയും കണ്ടെത്തുക. (വ്യക്തിഗതം) നാല്/അഞ്ച് പേർ ഗ്രൂപ്പിൽ ചർച്ച - അവതരണം ക്രോഡീകരണം.

  - രൂപപരമായ അവ്യക്തത ഴാങ് വാൽ ഴാങിൽ ഉണ്ടായി.
  - അയാളുടെ ഉൾനടുക്കമാണ് ഈ അവ്യക്തതയ്ക്ക് കാരണം.
  - തന്റെ സ്വത്വം നിർവചിക്കാനാവാത്ത അവസ്ഥ.
  - ഉപ്പ് അലിഞ്ഞു തീരുന്നതുപോലെ താനും ഇല്ലാതാകുമെന്ന തോന്നൽ.

ഇതുപോലെയുള്ള പ്രയോഗങ്ങൾ/വാക്യങ്ങൾ കണ്ടെത്തി വിശകലനം ചെയ്യുക.

ഗ്രൂപ്പിൽ ചർച്ച – ക്രോഡീകരണം

- "ഞാൻ ആ വെള്ളിസാമാനം വളരെക്കാലം സൂക്ഷിച്ചുപോന്നത് ഒരിക്കലും ശരിയായിട്ടില്ല. അതു പാവങ്ങളുടേയാണ്."
  - വിലപിടിപ്പുള്ള സാമാനങ്ങൾ ഒരാളുടേതുമാത്രമായി സൂക്ഷിച്ചുവയ്ക്കുന്നത് ശരിയല്ല.
  - ആരും ഒന്നിന്റെയും ശാശ്വതരായ ഉടമസ്ഥരല്ല. എല്ലാം എല്ലാവർക്കും അവകാശപ്പെട്ടതാണ്.
  - തങ്ങളുടെ ജീവിതായോധനത്തിനു വെള്ളിസാമാനങ്ങൾ ആവശ്യമില്ല. മരം കൊണ്ടുള്ള മുള്ളും കയിലുകളും മതി. അവ പാവങ്ങൾക്ക് ലഭിച്ചാൽ ഉപകാരപ്രദമാകും.
  - ദൈവത്തിന്റെ വസ്തുവകകൾ എല്ലാവർക്കും ഒരുപോലെ അവകാശപ്പെട്ടതാണ്.
  - മാനുഷികനന്മയിൽ ഊന്നിയ തന്റെ ജീവിതത്തിൽ ഇത്തരം ഭൗതികവസ്തുക്കൾക്ക് സ്ഥാനമില്ല.
- "ഒരു കഷണം അപ്പം ഒരുകോപ്പ പാലിൽ എടുത്തു മുക്കുന്നതിന് ഒരാൾക്കു മരം കൊണ്ടുള്ള മുള്ളും കയിലും കൂടി ആവശ്യമില്ല."
  - ജീവിതത്തെ ലാളിത്യം കൊണ്ട് ആഹ്ലാദപ്രദമാക്കാം.
  - ജീവിതത്തിന് എത്രയും കുറവ് വസ്തുവകകളേ ആവശ്യമുള്ളൂ.
  - വെള്ളിസാമാനങ്ങളുടെ നഷ്ടം തന്റെ ജീവിതസാഹചര്യങ്ങളെ ഒരു തരത്തിലും ബാധിക്കുന്നില്ല.
  - ജീവിതം സങ്കീർണമാകുന്നത് അത് വസ്തുവകകൾകൊണ്ടു നിറയ്ക്കുമ്പോഴാണ്.
- "എന്റെ സ്നേഹിതാ, ഇനി ഇങ്ങോട്ടു വരുമ്പോൾ നിങ്ങൾക്കു തോട്ടത്തിലൂടെ കടന്നുപോരണമെന്നില്ല, തെരുവിലേക്കുള്ള വാതിലിലിലൂടെത്തന്നെ എപ്പോഴും വരുകയും പോവുകയും ചെയ്യാം. രാത്രിയും പകലും ഒരു നീക്കു നീക്കിയിരിക്കുന്നതു കൂടാതെ അതൊരിക്കലും പൂട്ടിയിടുകയില്ല".
  - എല്ലാവരെയും ഒരുപോലെ സ്വീകരിക്കുന്നതാണ് മോൺസിന്യേറിന്റെ ഭവനം.
  - സ്വകാര്യസ്വത്തിന്റേതായ ചിന്തകൾക്കപ്പുറമാണ് മെത്രാന്റെ മാനവികത.
  - ഴാങ് വാൽ ഴാങിനെ നന്മയുടെ പ്രതീകമായാണ് മെത്രാൻ കാണുന്നത്.

- സ്നേഹവും കാരുണ്യവും ജീവിതത്തെ ഭയരഹിതമാക്കും. എല്ലാതരത്തിലുമുള്ള ഭയപ്പാടുകൾക്കും അതീതനാണ് മെത്രാൻ.
- ജീവിതത്തിന്റെ നേർവഴികളിലൂടെയാണ് എല്ലാവരും സഞ്ചരിക്കേണ്ടത്. വളഞ്ഞ വഴികൾ ഉപേക്ഷിക്കുക.
- ജീവിതത്തെ നിഗൂഢതകളില്ലാതെ തുറന്ന പുസ്തകമാക്കുക.

- “ഒരു സത്യവാനായിരിക്കുവാൻ ഈ ക്ഷണം ഉപയോഗപ്പെടുത്തുമെന്നു നിങ്ങൾ പ്രതിജ്ഞ ചെയ്തിട്ടുള്ളതു മറക്കരുതേ, ഒരിക്കലും മറന്നുപോകരുത്.”

  - തിന്മയ്ക്ക് ഴാങ് വാൽ ഴാങിനു മേൽ ഇനി അവകാശമില്ല.
  - തന്റെ പ്രതികരണത്തിലൂടെ ഴാങ് വാൽ ഴാങിൽ നന്മവഴിയിലേക്ക് തിരിയാനുള്ള പ്രതിജ്ഞയെടുത്തിട്ടുണ്ടാവുമെന്നും ഈ തിരിച്ചറിവ് ദ്രുതഗതിയിൽ നടക്കുമെന്നും മെത്രാൻ കരുതുന്നു.
  - ഴാങ് വാൽ ഴാങിന് മെത്രാൻ നൽകിയത് സത്യസന്ധതയുടെയും മനുഷ്യസ്നേഹത്തിന്റെയും മെഴുകുതിരിക്കാലുകളാണ്.
  - മനുഷ്യമനസ്സിനെ മാറ്റിയെടുക്കാൻ നിമിഷങ്ങൾകൊണ്ട് കഴിയും.
  - തന്നിൽനിന്ന് നന്മ പ്രതീക്ഷിക്കുന്നവർ ഉണ്ടെങ്കിൽ ഒരാൾ തിന്മയിലേക്ക് തിരിച്ചു നടക്കുകയില്ല.

“പരലോകത്തുവച്ച് ഇഹലോകകർമങ്ങളെ വിചാരണയ്ക്കെടുക്കുമ്പോഴത്തെ തുളഞ്ഞു കയറുന്നതും ഭയം തോന്നിക്കുന്നതുമായ കാഹളശബ്ദംപോലെ തിരികുറ്റിയുടെ കരച്ചിലൊച്ച അയാളുടെ ചെകിട്ടിലലച്ചു”.

- നാം ജീവിക്കുന്ന ഐഹികലോകത്തിനപ്പുറം ശാശ്വതമായ പരലോകം അഥവാ അന്യലോകമുണ്ടെന്ന് സങ്കൽപ്പിക്കപ്പെടുന്നു. അത് നന്മയുടെയും കാരുണ്യത്തിന്റെയും ലോകമത്രേ. അവിടെ തന്റെ പ്രവൃത്തികൾ വിചാരണചെയ്യപ്പെടുമെന്ന് ഴാങ് വാൽ ഴാങ് ഭയക്കുന്നു.
- കർമങ്ങളിലെ ന്യായാന്യായങ്ങളെക്കുറിച്ചുള്ള ചിന്ത ഴാങ് വാൽ ഴാങിനെ വിവശനാക്കുന്നു.
- ഇഹലോകത്ത് പിടിക്കപ്പെട്ടില്ലെങ്കിലും പരലോകത്ത് വെളിപ്പെടുമെന്ന തോന്നൽ തീക്ഷ്ണവും ഭയാനകവുമായി അനുഭവപ്പെടുന്നു.
- ലോഹവാദ്യമായ കാഹളശബ്ദം ഒരേസമയം സംഗീതാത്മകവും ഉച്ചസ്ഥായിയിലുള്ളതുമാണ്. ഉച്ചസ്ഥായിയിലുള്ള ശബ്ദം ഒരു വിളിച്ചറിയിക്കലാണ്.
- തിരികുറ്റിയുടെ ശബ്ദം താൻ കുറ്റവാളിയെന്ന് ലോകത്തിനു മുമ്പിൽ വിളിച്ചറിയിക്കുന്ന കാഹളശബ്ദമായി ഴാങ് വാൽ ഴാങിനു തോന്നുന്നു. അതേസമയം നൻമയിലേക്കുള്ള തന്റെ ജീവിതമാറ്റത്തിന്റെ സംഗീതമായും അനുഭവപ്പെടുന്നു.
- പാല് തന്ന കൈയ്ക്കുതന്നെ കടിക്കുന്ന പാമ്പാണോ താൻ എന്ന ചിന്ത ഴാങ് വാൽ ഴാങിനെ വേട്ടയാടുന്നു.

- മെത്രാന്റെ വെള്ളിപ്പാത്രങ്ങൾ മോഷ്ടിക്കുന്നത് തനിക്ക് അഭയം നൽകിയവരോടുള്ള വഞ്ചനയും നിന്ദയും അവഗണനയുമാണെന്ന് അയാൾ ചിന്തിക്കുന്നു.

സൂചനകൾ ഉപയോഗപ്പെടുത്തി ഗ്രൂപ്പിൽ ചർച്ച. ലഘുകുറിപ്പുകൾ തയാറാക്കി അവതരണം. ഗ്രൂപ്പിൽ പരസ്പര വിലയിരുത്തൽ. ലഘുകുറിപ്പുകൾ മെച്ചപ്പെടുത്തി ഭാഷാ പഠനരേഖയിലേക്ക്.

ചർച്ചകൾക്കുശേഷം, കഥാപാത്രങ്ങളുടെ മനോഭാവങ്ങളും ജീവിതവീക്ഷണങ്ങളും പ്രതിഫലിപ്പിക്കുന്നതിന് ഈ പ്രയോഗങ്ങൾ എത്രമാത്രം പര്യാപ്തമാണ്? കുറിപ്പ് തയാറാക്കുക.

## സന്ദേശം കണ്ടെത്താം

"നിങ്ങൾ സമാധാനത്തോടുകൂടി പോവുക. കൂട്ടത്തിൽ പറയട്ടെ, എന്റെ സ്നേഹിതാ, ഇനി ഇങ്ങോട്ടു വരുമ്പോൾ നിങ്ങൾക്ക് തോട്ടത്തിലൂടെ കടന്നുപോരണമെന്നില്ല, തെരുവിലേക്കുള്ള വാതിലിലൂടെതന്നെ എപ്പോഴും വരുകയും പോവുകയും ചെയ്യാം. രാത്രിയും പകലും ഒരു നീക്കു നീക്കിയിരിക്കുന്നതു കൂടാതെ അതൊരിക്കലും പൂട്ടിയിടുകയില്ല".

സ്ലൈഡ് പ്രദർശിപ്പിക്കുന്നു. വിശകലന ചോദ്യങ്ങൾ ഉന്നയിക്കുന്നു.

- നിങ്ങൾ സമാധാനത്തോടുകൂടി പോവുക എന്നതുകൊണ്ട് മെത്രാൻ ഉദ്ദേശിച്ചതെന്ത്?
- തോട്ടത്തിലൂടെ വരുന്നതിന്റെ കാരണമെന്തായാം?
- സമൂഹത്തിൽ പലരും ജീവിതത്തിൽ വളഞ്ഞ വഴികൾ സ്വീകരിക്കുന്നത് എന്തുകൊണ്ടാവാം?
- വാതിൽ ഒരിക്കലും പൂട്ടിയിടുകയില്ല എന്നത് സാമൂഹികനന്മയുടെ ഉറച്ചവാക്കുകളായിത്തീരുന്നുണ്ടോ?
- ജീവിതത്തെക്കുറിച്ചും സ്വകാര്യസ്വത്തിനെക്കുറിച്ചും എന്ത് സന്ദേശമാണ് ഈ വരികൾ നമുക്ക് നൽകുന്നത്?

ചോദ്യങ്ങൾ സ്ലൈഡിൽ പ്രദർശിപ്പിക്കുന്നു.

കുട്ടികൾ വ്യക്തിഗതമായി പ്രതികരിക്കുന്നു.

പ്രധാന ആശയങ്ങൾ ബോർഡിൽ ക്രോഡീകരിക്കുന്നു.

- സമൂഹത്തിന്റെ കണ്ണിൽ ഴാങ് വാൽ ഴാങിന്റെ പ്രവൃത്തി കുറ്റകരമാണെങ്കിലും മെത്രാൻ അത് കുറ്റമായി കാണുന്നില്ല. പാപികളോടു പൊറുക്കുക എന്നത് മാനവികതയുടെ പരകോടിയാണ്. മെത്രാന്റെ പ്രവൃത്തി ഴാങ് വാൽ ഴാങിന് ആശ്വാസവും സമാധാനവും നൽകുന്നു.
- കുറ്റവാളിയെ ആരും സ്വീകരിക്കുകയും അംഗീകരിക്കുകയും ചെയ്യില്ല. സമൂഹം മുൻവാതിലുകൾ കൊട്ടിയടയ്ക്കുമ്പോൾ മനുഷ്യന് വളഞ്ഞ വഴികൾ സ്വീകരിക്കേണ്ടി വരുന്നു.

- ജീവിതസാഹചര്യവും സാമൂഹികാവസ്ഥയും മനുഷ്യനെ തെറ്റിലേക്കു നയിക്കുന്നു. നേരിന്റെ വഴിയിലൂടെ സഞ്ചരിച്ചിട്ടും സമൂഹം തിരസ്കരിക്കുമ്പോൾ, ജീവിത കാഠിന്യങ്ങളെ മറികടക്കാൻ കഴിയാതെ വരുമ്പോൾ, പലരും വളഞ്ഞ വഴികളിലൂടെ സഞ്ചരിക്കാൻ നിർബന്ധിതരാവുന്നു.
- വൈവിധ്യങ്ങളുടെ ലോകമാണ് തെരുവ്. എല്ലാവരെയും ഒരുപോലെ കാണാനും എല്ലാം എല്ലാവർക്കുമായി പങ്കുവയ്ക്കാനും കഴിയുന്നിടത്തോളം പൂട്ടാത്ത വാതിൽ നന്മയുടെ വാതിലാകുന്നു. മെത്രാന്റെ സാമൂഹികവീക്ഷണവും സ്നേഹസങ്കൽപ്പവും മാനവികതയും പ്രകടമാവുന്നു.
- സ്നേഹവും കാരുണ്യവുമാണ് ജീവിതത്തെ സുന്ദരമാക്കുന്നത്. മാനവികതയും സാഹോദര്യവുമില്ലാത്ത അധികാരത്തിന്റെ അടയാളമാണ് സ്വകാര്യസ്വത്ത്. വസുധൈവ കുടുംബകം എന്ന ദർശനം പ്രാവർത്തികമാവുന്നിടത്ത് സ്വകാര്യസ്വത്ത് സമൂഹസ്വത്തായി മാറുന്നു.

തുടർന്ന് നോവലിലെ മറ്റൊരു ഭാഗം സ്ലൈഡിൽ പ്രദർശിപ്പിക്കുന്നു. ചർച്ച.

“എന്റെ വീട്ടിൽ ഞാൻ നിങ്ങളെ സ്വീകരിക്കുന്നു എന്നു പറയരുത്. ഇവിടെ വന്ന് ആശ്വസിക്കുന്നതാരോ, ആ ആളുടേതുമാത്രമാണ് ഈ ഭവനം. മറ്റാരുടേതുമല്ല. വഴിപോക്കനായ നിങ്ങളോട് ഞാൻ പറയുന്നു. എനിക്കുള്ളതിലധികം നിങ്ങൾക്കാണ് ഇവിടെ പൂർണാവകാശം. നിങ്ങൾ ഇവിടെ കാണുന്നതെല്ലാം നിങ്ങളുടേതാണ്. .......... നിങ്ങൾക്കുള്ള പേര് എന്റെ സഹോദരൻ എന്നാണ്”- മെത്രാൻ മറുപടി പറഞ്ഞു.

ചർച്ചയുടെ അടിസ്ഥാനത്തിൽ മെത്രാന്റെ വാക്കുകൾ സമൂഹത്തിനു നൽകുന്ന സന്ദേശത്തെക്കുറിച്ച് വ്യക്തിഗതമായി എഴുതുന്നു. ഗ്രൂപ്പിൽ അവതരിപ്പിച്ച് മെച്ചപ്പെടുത്തുന്നു. പൊതു അവതരണം.

## ഉപന്യാസം തയാറാക്കാം

‘പാവങ്ങൾ - നോവൽപ്രപഞ്ചത്തിലെ അദ്ഭുതസൃഷ്ടി’ എന്ന കുറിപ്പ് ഗ്രൂപ്പിൽ നൽകുന്നു.

പാവങ്ങളെക്കുറിച്ചുള്ള ലേഖകന്റെ നിരീക്ഷണങ്ങൾ എന്തെല്ലാം? നോവൽ അദ്ദേഹത്തെ എങ്ങനെയെല്ലാം സ്വാധീനിച്ചു?

ചർച്ച - അവതരണം.

‘പാവങ്ങൾ - ലോകസാഹിത്യത്തിലെ നിത്യവിസ്മയം’ എന്ന വിഷയത്തിൽ ഉപന്യാസം തയാറാക്കുന്നു.

ഗ്രൂപ്പിൽ വായിച്ച് മെച്ചപ്പെടുത്തുന്നു.

ചില അവതരണങ്ങൾ - പാനൽ വിലയിരുത്തൽ

## കഥാപാത്രനിരൂപണം തയാറാക്കാം

‘മോൺസിന്യേർ - മാനവികതയുടെ മഹനീയരൂപം’- പ്രസ്താവനയെ അടിസ്ഥാനമാക്കി കഥാപാത്രനിരൂപണം തയാറാക്കുന്നു.

"എന്റെ സഹോദരാ, നിങ്ങൾ മേലാൽ പാപത്തിനടിമപ്പെട്ടവനല്ല, നിങ്ങൾ പുണ്യകർമങ്ങൾക്കുള്ളവനാണ്. നിങ്ങളുടെ ആത്മാവിനെയാണ് ഞാൻ നിങ്ങളിൽനിന്ന് വിലയ്ക്ക് വാങ്ങുന്നത്. ഞാൻ അതിനെ ദുർവിചാരങ്ങളിൽനിന്നും നരകവേദനയുടെ കൈയിൽനിന്നും വീണ്ടെടുത്ത് ഈശ്വരനിൽ അർപ്പിക്കുന്നു".

വാക്യത്തിൽ തെളിയുന്ന മോൺസിന്യേറിന്റെ മനോഭാവം വിശകലനം ചെയ്യുന്നു.

മോൺസിന്യേറുമായി ബന്ധപ്പെട്ട മറ്റ് നോവൽഭാഗങ്ങളും സ്ലൈഡിൽ പ്രദർശിപ്പിക്കുന്നു.

- എന്റെ വീട്ടിൽ....... മെത്രാൻ മറുപടി പറഞ്ഞു. (ടീച്ചർ ടെക്സ്റ്റ്)
- "ഹോ," മെത്രാൻ മറുപടി പറഞ്ഞു: "അപ്പോൾ വെള്ളിസാമാനമാണ് നിങ്ങളെ ബുദ്ധിമുട്ടിക്കുന്നത്."
- അപ്പോൾ ആ വെള്ളിസാമാനം........... അതു പാവങ്ങളുടേയാണ്.
- ഒരു കഷണം അപ്പം ............. മുള്ളും കയിലും കൂടി ആവശ്യമില്ല.
- നിങ്ങളെ കാണാൻ കഴിഞ്ഞതിന് ......... എന്തുകൊണ്ട് അവകൂടി കൊണ്ടുപോയില്ല.
- മെത്രാൻ ഒരു പുഞ്ചിരിയോടുകൂടി..... ഒരു തെറ്റുപറ്റിപ്പോയതാണ്.
- നിങ്ങൾ സമാധാനത്തോടുകൂടി പോവുക... പൂട്ടിയിടുകയില്ല.
- ഒരു സത്യവാനായിരിക്കാൻ ...... ഒരിക്കലും മറന്നുപോകരുത്.

കഥാസന്ദർഭങ്ങൾകൂടി പരിഗണിച്ച് മോൺസിന്യേറിന്റെ സവിശേഷതകൾ ഗ്രൂപ്പിൽ കണ്ടെത്തി കുറിക്കട്ടെ.

അവതരണം - ക്രോഡീകരണം

തുടർന്ന് "ഇതിഹാസഗരിമയോടെ മോൺസിന്യോർ" എന്ന കുറിപ്പ് ഗ്രൂപ്പിൽ നൽകുന്നു.

**ഇതിഹാസഗരിമയോടെ മോൺസിന്യേർ**

യാഥാർഥ്യത്തിലൂടെ മഹത്തരമായതിനെയും മഹത്തരമായതിലൂടെ യാഥാർഥ്യത്തെയും കാണിച്ചുതരുന്ന നോവലാണ് 'പാവങ്ങൾ.' യാഥാർഥ്യത്തിൽ ധാർമികതയുണ്ട്; മഹത്തരമായതിൽ മനോഹാരിതയും. ജീവിക്കുന്ന മാതൃകകളെ സൃഷ്ടിക്കാനാണ് 'പാവങ്ങളി'ൽ രചയിതാവ് ശ്രമിച്ചിട്ടുള്ളത്. എഴുത്തുകാരൻ പറയാൻ ആഗ്രഹിക്കുന്ന കാര്യങ്ങൾക്ക് ഉചിതമാം വിധം സ്വഭാവസവിശേഷതകളുമായി കഥാപാത്രങ്ങൾ ഇതിഹാസഗരിമയിലേക്ക് ഉയരുന്നു. മെത്രാനായ മോൺസിന്യോർ ജീവകാരുണ്യത്തിന്റെ അതിശയകരമായ മാതൃകയാണ്. അദ്ദേഹം സ്വയം സമർപ്പണത്തിൽ മാത്രം ധ്യാനലീലനാണ്. ആധുനികലോകത്ത് കൈമാറ്റം ചെയ്യപ്പെടേണ്ട നല്ല ഗുണമാണ് സഹജീവികളോടുള്ള കാരുണ്യമെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. ഈ പുരോഹിതനെ മാലാഖയ്ക്കു തുല്യനായി ചിത്രീകരിക്കുന്നതിൽ വിക്ടർ ഹ്യൂഗോ മുഴുകിയതായി കാണാം. മോൺസിന്യോറിന് ഹ്യൂഗോ എല്ലാം നൽകുന്നു. സ്വന്തമായി ഒന്നും നേടാതെ ആത്മസമർപ്പണം തപസ്യയാക്കുകയാണ് മോൺസിന്യേർ. നിരന്തരമായതും പ്രതിഫലമില്ലാത്തതും ഒപ്പം പശ്ചാത്താപമില്ലാത്തതുമായ ആത്മബലിയാണ് അദ്ദേഹത്തിന്റെ ജീവിതം. ദരിദ്രർക്കും അവശർക്കും കുറ്റവാളികൾക്കും വേണ്ടിയുള്ള സ്വയംസമർപ്പണമാണത്. ദൈവത്തോടു മനുഷ്യന്റെ ഹൃദയമെന്നപോലെ ലളിതമായതും അതേസമയം ലോകത്തിന്റെ നന്മയ്ക്കു മുന്നിൽ അതിമനോഹരവുമായ കർമക്ഷേത്രത്തിന്റെ ഉടമയാണ് പുരോഹിതനായ മോൺസിന്യോർ.

വായനയുടെയും ചർച്ചയുടെയും അടിസ്ഥാനത്തിൽ വ്യക്തിഗതമായി കഥാപാത്രനിരൂപണം തയാറാക്കുന്നു.

ഗ്രൂപ്പിൽ വിലയിരുത്തി മെച്ചപ്പെടുത്തുന്നു.

ചില അവതരണങ്ങൾ

**പാഠഭാഗം റേഡിയോനാടകമാക്കാം**

പാഠസന്ദർഭത്തിന്റെ ചലച്ചിത്രഭാഗം പ്രദർശിപ്പിക്കുന്നു.

നോവൽഭാഗത്തെ സിനിമയിൽ ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ?

നോവൽ സിനിമയാക്കിയപ്പോൾ വന്ന മാറ്റങ്ങൾ എന്തെല്ലാം?

ചർച്ച - ക്രോഡീകരണം

മഹത്തായ ജീവിതപാഠം ഉൾക്കൊള്ളുന്ന ഈ ഭാഗം റേഡിയോനാടകമാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം? റേഡിയോനാടകങ്ങൾ കുട്ടികൾക്കു പരിചയപ്പെടുത്തുന്നു. തുടർന്ന് ഗ്രൂപ്പിൽ പാഠഭാഗത്തെ റേഡിയോനാടകമാക്കുന്നതിനുള്ള സ്ക്രിപ്റ്റുകൾ തയാറാക്കട്ടെ-

സ്ക്രിപ്റ്റ് വായന

അധ്യാപികയുടെ നിർദേശങ്ങളോടെ മെച്ചപ്പെടുത്തുന്നു.

മികച്ച സ്ക്രിപ്റ്റിനെ അടിസ്ഥാനമാക്കി റേഡിയോനാടകം തയാറാക്കാം. ആവശ്യമായ പശ്ചാത്തലസംഗീതം നൽകണം.

## നാലപ്പാട്ട് നാരായണമേനോനും 'പാവങ്ങളു'ടെ വിവർത്തനവും

വിക്ടർ ഹ്യൂഗോയുടെ Les Miserables എന്ന കൃതിക്ക് നാലപ്പാട്ട് നാരായണമേനോൻ നടത്തിയ പരിഭാഷയാണ് 'പാവങ്ങൾ'. 1925-ൽ മാതൃഭൂമി പ്രസിദ്ധീകരിച്ച ആ വിവർത്തനം കേരളത്തിലെ സാഹിത്യ-സാമൂഹികരംഗങ്ങളിൽ ബാഹ്യവും ആന്തരികവുമായ മാറ്റങ്ങൾക്ക് കാരണമായിട്ടുണ്ട്.

ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർധം മുതലാണ് വിവർത്തനത്തിന് സൈദ്ധാന്തികമായ അടിത്തറയുണ്ടാകുന്നത്. സാമൂഹികവും സാംസ്കാരികവും ചരിത്രപരവുമായ അനേകം അടരുകളുള്ള 'പാവങ്ങളു'ടെ വിവർത്തനത്തിൽ ഈ ബഹുവ്യവസ്ഥ നമുക്ക് സ്പർശിച്ചറിയാൻ കഴിയും. 'ലാ മിറാബലെ' എന്ന ഫ്രഞ്ച് നോവലിന് ഇസാബെൽ ഫ്ളോറൻസ് ഹാപ്ഗുഡ് രചിച്ച ഇംഗ്ലീഷ് പരിഭാഷയെ അടിസ്ഥാനപ്പെടുത്തിയാണ് നാലപ്പാട്ട് നാരായണമേനോൻ 'പാവങ്ങൾ' വിവർത്തനം ചെയ്തത്. ഹ്യൂഗോയുടെ മാനവിക്കബോധവും വിപ്ലവചിന്തയും ഉൾക്കൊള്ളാൻ മലയാളത്തിലെ നവോത്ഥാന പ്രതിഭാശാലിയായ നാരായണമേനോന് കഴിഞ്ഞു. ഇന്ത്യൻ ദേശീയതയിൽ മുഴുകിയ നാലപ്പാടന് ഫ്രഞ്ച് നവോത്ഥാനത്തിന്റെ സമഗ്രപ്രകാശമായ ഹ്യൂഗോകൃതി വലിയ ആവേശമാണ് നൽകിയത്. Les Miserables ന്റെ പുനർരചന എന്നുതന്നെ വിശേഷിപ്പിക്കാവുന്ന 'പാവങ്ങൾ' കേരളീയവും ദേശീയവുമായ നവോത്ഥാനത്തിനുള്ള ചാലകശക്തിയായി മാറുകയും ചെയ്തു.

മനുഷ്യനന്മയ്ക്കും അതിനുള്ള പോരാട്ടത്തിനും നിലകൊള്ളുന്ന സ്തോഭജനകമായ കൃതി എന്ന നിലയിലാണ് നാലപ്പാടൻ ഈ സൃഷ്ടിയെ കണ്ടത്. അതിന്റെ തരംഗാവലി അക്കാലത്തെ പ്രബുദ്ധരായ സ്വാതന്ത്ര്യസമരസേനാനികളുടെ ചിന്തകൾക്ക് പുത്തനുണർവും ദിശാബോധവും നൽകി. ഹ്യൂഗോയുടെ അധികാരസങ്കൽപ്പവും ഈശ്വരസങ്കൽപ്പവും നാലപ്പാടന്റെ വീക്ഷണത്തിന് അനുപൂരകമായിരുന്നു. മാത്രമല്ല, വിവർത്തനത്തിന്റെ വിവർത്തനം എന്ന അവസ്ഥയെ പദങ്ങളുടെ സ്വനതലത്തിലൂടെ അതിവർത്തിക്കാനും നാലപ്പാടന് കഴിഞ്ഞിട്ടുണ്ട്. വിവർത്തനം കേവലം ഭാഷാപരമല്ല, സാംസ്കാരികവിനിമയ പ്രക്രിയകൂടിയാണെന്ന് 'പാവങ്ങൾ' തെളിയിക്കുന്നു.

തന്റെ വിവർത്തനപ്രക്രിയയെക്കുറിച്ചുള്ള നാലപ്പാടന്റെ പ്രസ്താവന നോക്കുക: "ഹിമാലയപർവതം, നയാഗാരനിർഝരം എന്നിങ്ങനെയുള്ള പ്രകൃതിപ്രഭാവം പോലെ അപാരവും അവർണനീയവുമായ ഒരു മനോധർമമാഹാത്മ്യമാണ് ഈ വിശിഷ്ട കൃതി. ഇതിനെയും എത്രയും പരിമിതമായ എന്റെ ഭാഷാജ്ഞാനത്തിൽ ഒതുക്കിക്കളയാമെന്നാശിച്ച ഞാൻ എന്റെ സാഹസത്തിന് ഒന്നാമതായി മാപ്പു ചോദിച്ചുകൊള്ളുന്നു. എങ്കിലും അവസാനമറ്റ ആകാശത്താലും അനേകവിധമായ ഭൂപ്രകൃതിയാലും എന്നെന്നും വരയ്ക്കപ്പെട്ടും വർണിക്കപ്പെട്ടുമുള്ള പ്രഭാതത്തെ ആഹ്ലാദമുഖേന സ്തോത്രം ചെയ്തു മനുഷ്യർ കൃതാർഥപ്പെടാറുണ്ടല്ലോ."

## വിക്ടർ ഹ്യൂഗോ (1802 - 1885)

ഫ്രഞ്ച് കാല്പനികപ്രസ്ഥാനത്തിന്റെ സ്രഷ്ടാവും നായകനുമായ വിക്ടർ മറീ ഹ്യൂഗോ 1802 ഫെബ്രുവരി 26 ന് ഫ്രാൻസിലെ ബെസാൻ ഡോൺ പട്ടണത്തിൽ നെപ്പോളിയൻ ബോണോപ്പാർട്ടിന്റെ സേനാനായകരിലൊളായിരുന്ന ജോസഫ് ലിയോ പോൾഡ് സിജിസ്ബർട്ട് ഹ്യൂഗോയുടെയും സോഫി ട്രിബൂഷയുടെയും മകനായി ജനിച്ചു. കവി, നാടകകൃത്ത്, നോവലിസ്റ്റ്, നിരൂപകൻ, ചിത്രകാരൻ, മനുഷ്യാവകാശപ്രവർത്തകൻ എന്നീ നിലകളിലെല്ലാം അദ്ദേഹം ഖ്യാതി നേടി. 1812-ൽ മാതാപിതാക്കളുടെ വേർപിരിയലോടെ കുട്ടിക്കാലം അമ്മയുടെയും സഹോദരങ്ങളുടെയും കൂടെ പാരീസിൽ. 1818 - ൽ പാരീസിൽ നടന്ന കാവ്യരചനാമത്സരത്തിൽ വിജയിയായ ഹ്യൂഗോവിന് ഫ്രഞ്ച് സാഹിത്യ അക്കാദമിയിൽനിന്ന് 'ഗോൾഡൻ ലില്ലി' എന്ന ബഹുമതി ലഭിച്ചു. 1822-ൽ ബാല്യകാലസഖിയായ അദേൽ ഫൂഷറിനെ വിവാഹം ചെയ്തു. ഹ്യൂഗോയുടെ അഞ്ചു മക്കളിൽ ആദ്യപുത്രൻ ശൈശവത്തിലും രണ്ടാമത്തെ പുത്രി പത്തൊൻപതാം വയസ്സിലും മരണപ്പെട്ടു. മകളുടെ വേർപാടിൽ മനംനൊന്ത് എഴുതിയ 'ഡിമെയിൻ ഡസ് ലാമ്പ്' ആണ് അദ്ദേഹത്തിന്റെ ഏറ്റവും പ്രസിദ്ധമായ കവിത. 1827 ൽ പ്രസിദ്ധീകരിച്ച 'ക്രോംവെൽ' എന്ന നാടകത്തിനെഴുതിയ മുഖവുര റൊമാന്റിക് പ്രസ്ഥാനത്തിന്റെ മാനിഫെസ്റ്റോ ആയിത്തീർന്നു. 1831-ൽ ജൂലൈ വിപ്ലവത്തിന്റെ പശ്ചാത്തലത്തിൽ എഴുതിയ 'ദ ഹൻച്ബാക്ക് ഓഫ് നോത്ര് ദാം' വിശ്വസാഹിത്യത്തിലെ മറ്റൊരു ഇതിഹാസമായി.

ചാൾസ് പത്താമൻ അധികാരത്തിൽ വന്നപ്പോൾ ഹ്യൂഗോ ആസ്ഥാനകവിയായി. 1848-ലെ വിപ്ലവത്തിന്റെ ഫലമായി റിപ്പബ്ലിക്കൻ ഭരണം നിലവിൽ വന്നപ്പോൾ ദേശീയ നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട അദ്ദേഹം വോട്ടവകാശത്തിനുവേണ്ടിയും വധശിക്ഷയ്ക്കെതിരെയും വാദിച്ചു. നെപ്പോളിയൻ മൂന്നാമനെ പിന്താങ്ങിയ ഹ്യൂഗോ ഏകാധിപത്യത്തിലേക്കുള്ള നെപ്പോളിയന്റെ ചുവടുമാറ്റത്തെ തള്ളിപ്പറഞ്ഞ് അദ്ദേഹത്തെ വഞ്ചകനെന്നു

വിളിച്ചു. 1851 -ൽ ലൂയി നെപ്പോളിയൻ അധികാരം പിടിച്ചെടുത്തതോടെ ഹ്യൂഗോ ഗുവർണസി ദ്വീപിലേക്കു നാടുകടത്തപ്പെട്ടു. ഈ കാലയളവിലാണ് നെപ്പോളിയന്റെ രണ്ടാം റിപ്പബ്ലിക്കിനെ നിശിതമായി വിമർശിക്കുന്ന 'നെപ്പോളിയൻ ദ ലിറ്റിൽ', 'ദ സ്റ്റോറി ഓഫ് എ ക്രൈം' എന്നീ കൃതികൾ രചിച്ചത്. 1862 ലാണ് ലോകസാഹിത്യത്തിൽ മഹാദ്ഭുതമായ Les Miserables അഥവാ 'പാവങ്ങൾ' പ്രസിദ്ധീകരിക്കുന്നത്. 1870–ൽ രണ്ടാം റിപ്പബ്ലിക്കിന്റെ വീഴ്ചയോടെ ഫ്രാൻസിൽ തിരിച്ചെത്തിയ ഹ്യൂഗോ നാഷണൽ അസംബ്ലിയിലേക്കു വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു. ഹ്യൂഗോവിന്റെ വാർധക്യം ഏറെ ക്ലേശകരമായിരുന്നു. ഫ്രഞ്ച് ജനത ദേശീയനായകന്റെ പരിവേഷം നൽകിയ ഹ്യൂഗോ 1885 മെയ് 22 ന് അന്തരിച്ചു. ഹ്യൂഗോ ജീവിച്ചിരിക്കുമ്പോൾ 56 കൃതികൾ പ്രസിദ്ധീകരിച്ചു. മരണാനന്തരം ഇരുപതിലേറെ കൃതികൾ പ്രകാശനം ചെയ്യപ്പെട്ടിട്ടുണ്ട്.

ഹ്യൂഗോയുടെ കവിതകളും നാടകങ്ങളും മഹത്തരങ്ങളാണെങ്കിലും ആഖ്യായികകാരൻ എന്ന നിലയിലാണ് അദ്ദേഹം ലോകപ്രശസ്തി നേടിയത്. ദ ഹൻച്ബാക്ക് ഓഫ് നോത്ര് ദാം, ദ മാൻ ഹു ലാഫ്സ്, നയന്റി ത്രീ, ടൊയ്‌ലേർസ് ഓഫ് ദ സീ തുടങ്ങിയവ അദ്ദേഹത്തിന്റെ പ്രധാന നോവലുകളാണ്.

# യൂണിറ്റ്‌വിശകലനം

പ്രവർത്തനസമയം : 24 പിരീഡ്

| പഠനനേട്ടങ്ങൾ | പാഠഭാഗങ്ങൾ | ആശയം/ ധാരണ | പ്രധാന പ്രവർത്തനങ്ങൾ | പഠനത്തെളിവുകൾ (വ്യവഹാരരൂപങ്ങൾ/ പ്രകടിതരൂപങ്ങൾ) | വിലയിരുത്തൽ |
|---|---|---|---|---|---|
| • വിശ്വസാഹിത്യത്തിലെ നോവലുകൾ വായിക്കുന്നു. അവയുടെ പ്രമേയപരവും ആഖ്യാനപരവുമായ സവിശേഷതകൾ തിരിച്ചറിയുകയും, വിവിധ വ്യവഹാര രൂപങ്ങളിൽ ആവിഷ്ക്കരിക്കുകയും ചെയ്യുന്നു.<br><br>• നോവലുകളുടെ സാമൂഹ്യപ്രസക്തി, കഥാപാത്ര സവിശേഷതകൾ, ജീവിതസന്ദേശം എന്നിവ കണ്ടെത്തുന്നു. | പാവങ്ങൾ | • ചരിത്രവും യാഥാർഥ്യവും മനുഷ്യജീവിത ഭാവങ്ങളുമായി ഇഴചേർന്ന് ഹൃദയസ്പർശിയായി അവതരിപ്പിക്കുന്നു.<br>• ജീവിതാവസ്ഥകളും മാനവികമൂല്യങ്ങളും കാരുണ്യവും ലോകത്തെല്ലായിടത്തും ഒരുപോലയാണ്.<br>• ധ്വനിസാന്ദ്രവും കാവ്യാത്മകവുമായ ഗദ്യഭാഷ പരിചയപ്പെടുന്നു.<br>• മഹത്തായ സൃഷ്ടികൾ കാലത്തെ അതിജീവിക്കുന്നവയാണെന്ന് തിരിച്ചറിയുന്നു.<br>• കഥാപാത്രങ്ങളുടെ സവിശേഷതകൾ തിരിച്ചറിയുന്നു. | • വിശകലനക്കുറിപ്പ് തയാറാക്കൽ<br>• ജീവിതസന്ദേശം കണ്ടെത്തൽ<br>• പ്രയോഗഭംഗി കണ്ടെത്തൽ<br>• കഥാപാത്രനിരൂപണം തയാറാക്കൽ<br>• ഉപന്യാസം തയാറാക്കൽ | • കുറിപ്പ്<br>• കുറിപ്പ്<br>• കുറിപ്പ്<br>• കഥാപാത്രനിരൂപണം<br>• ഉപന്യാസം | • ആശയം<br>• സ്വന്തം നിരീക്ഷണം<br>• ഭാഷ<br><br>• ആശയം<br>• സ്വന്തം നിരീക്ഷണം<br>• ഭാഷ<br><br>• ആശയം<br>• സ്വന്തം നിരീക്ഷണം<br>• ഭാഷ<br><br>• കഥാപാത്ര സവിശേഷതകൾ<br>• സാമൂഹ്യവീക്ഷണം<br>• സ്വന്തം നിരീക്ഷണം<br><br>• തലക്കെട്ട്<br>• ഉള്ളടക്കം<br>• സ്വന്തം നിരീക്ഷണം<br>• ഭാഷ |
| • റേഡിയോ നാടകത്തിന്റെ സവിശേഷതകൾ തിരിച്ചറിഞ്ഞ് രചനയിൽ ഏർപ്പെടുന്നു. | | • വ്യവഹാരരൂപങ്ങളുടെ ഘടന ഭാഷ, ഇതിവൃത്തം എന്നിവ പരിചയപ്പെടുന്നു. | • റേഡിയോ നാടകം തയാറാക്കൽ | • റേഡിയോനാടകം | • പ്രമേയം<br>• സംഭാഷണ മികവ്<br>• ശബ്ദവിന്യാസം<br>• അവതരണരീതി |